MEDIA
A Bilingual Monthly Journal of the Kerala Media Academy
ISSN 2395 - 1370
August 2015 | Vol.4 | Issue 2 | Price ₹ 20

# മീഡിയ




## അരുത്
## എഴുതരുത്
## എഴുതിയാൽ...
## വ്യാപം നൽകുന്ന പാഠങ്ങൾ

# കേരള മീഡിയ അക്കാദമി ഉടൻ പ്രസിദ്ധീകരിക്കുന്ന മൂന്നു പുസ്തകങ്ങൾ

**ഭാഷാപ്രയോഗം, പരസ്യകല, പബ്ലിക് റിലേഷൻസ് എന്നിവയുമായി ബന്ധപ്പെട്ട പഠന ഗ്രന്ഥങ്ങൾ**










**Public Relations & Advertising**
Ramachandran Mammayil

**നല്ലെഴുത്ത്**
ഡോ. എം. ലീലാവതി

**Advertising**
Dr. A. Michael Puthenthara

**കോപ്പികൾക്ക്**

സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 682 030
ഫോൺ : 0484 2422275, E-mail: mail@pressacademy.org





# മീഡിയ

A Bilingual Monthly Journal of the Kerala Media Academy

MEDIA

ആഗസ്ത് 2015 • പുസ്തകം 4 • ലക്കം 2 • വില ` 20



എഡിറ്റോറിയൽ 04

വ്യാപം... അഴിമതിയുടെ പർവ്വതാകാരം 06
ആബെ ജേക്കബ്

Where is the media heading 16
Varghese Koshy

Power of direct communication Narendra Modi's victory 19
Roy Mathew

Media freedom and india @ 69
Anto P Cheerotha 20

ഓർമച്ചിറകിലേറി കലാം 22

Representation of the media in Bollywood Films 23
Shoma A. Chatterji

ന്യൂസ് നെറ്റ് 27
ഇ.പി.എസ്

വിവര സ്വാതന്ത്ര്യത്തിന്റെ അന്ത്യം അടുത്തുവോ? 28
എൻ. പി. ആർ

പാവം വായനക്കാരൻ 31
ഫ്രം വർമ്മാജി, വിത്ത് ലൗ

ഒരു കൂരയ്ക്കു താഴെ 3000 മാധ്യമങ്ങൾ 35
ഇ. പി ഷാജുദ്ദീൻ

വായന 39
ഷാജി ജേക്കബ്

Students' Corner 46
J. V. Vil'anilam

Bookshelf 49

ലോകം കണ്ട വര 50

ഫ്രെയിം ഫെയിം 51

മുൻവാതിൽ

# മാറ്റത്തിന്റെ കാറ്റ് മാധ്യമങ്ങളിൽ

മീഡിയ
A bilingual Monthly Journal of the Kerala Media Academy
MEDIA

Editorial Advisor
**N.P. Rajendran**

Editor
**Sergy Antony**

Editorial Board
**E.P. Shajuddeen**
**N. Rajesh**
**P. Sujathan**
**T. R. Madhukumar**
**C. N. Mohanan**

Design & Layout
**Chetana Media, Kottayam**

Printer & Publisher
**N. P. Santhosh**

Marketing In Charge
**Shainus Markose**

Address
'Media'
Kerala Media Academy
Kakkanad, Kochi – 682 030
Phone: 0484 2422275
Email : mediamag.kma@gmail.com
Website: www.keralamediaacademy.org

**സ്വാ**തന്ത്ര്യത്തിന്റെ ഏഴുപതിറ്റാണ്ടുകൾ പിന്നിടാറായിരിക്കേ ഇന്ത്യയുടെ പൊതുസമൂഹം പുരോഗതിയുടെ പടവുകളിൽ എത്രമാത്രം മുന്നേറി എന്നതിനെക്കുറിച്ച് ഏറെ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. വികസനത്തിന്റെ അളവുകോൽ ഓരോരുത്തരുടെയും മനോധർമമനുസരിച്ചു മാറിക്കൊണ്ടിരിക്കും. എന്നാൽ യഥാർഥ ഇന്ത്യയുടെ ചിത്രം ഇന്നും പൂർണമായി ആരും വരച്ചുകാട്ടുന്നില്ല. ഉണ്ടെങ്കിൽത്തന്നെ മാധ്യമങ്ങൾ ഒപ്പിയെടുക്കുന്ന ചില ചിത്രങ്ങൾ മാത്രമാണ് യാഥാർഥ്യത്തിന്റെ ഇറ്റു വെളിച്ചമെങ്കിലും പകർന്നു നൽകുന്നത്. ഗ്രാമീണ ഇന്ത്യയുടെ രോദനങ്ങൾ പകർത്താൻ, അറിവിന്റെ വെളിച്ചം ഇനിയും കടന്നു ചെന്നിട്ടില്ലാത്ത ഇടങ്ങളിലേക്കു കയറിച്ചെല്ലാൻ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തിവാഴുന്ന ഇരുണ്ട ഇടങ്ങളിൽ വെളിച്ചം പകരാൻ രാജ്യത്തെ മാധ്യമങ്ങളും മാധ്യമപ്രവർത്തകരും നൽകിയ സംഭാവന ഈ ഏഴുപതിറ്റാണ്ടുകളിലൂടെ കടന്നുപോകുന്നവർക്കു സുവ്യക്തമാണ്.

സ്വതന്ത്ര ഇന്ത്യയുടെ മാധ്യമചരിത്രം സമ്മിശ്രസ്വഭാവം ഉൾക്കൊള്ളുന്നതാണ്. ശക്തമായ നിലപാടുകളെടുത്ത മാധ്യമപ്രവർത്തകരും മാധ്യമങ്ങളും ധാരാളമുണ്ട്. മാധ്യമപ്രവർത്തനത്തിനു അവമതി വരുത്തിവച്ചവരും ഉണ്ട്. മാധ്യമവിചാരണയും പെയ്ഡ് ന്യൂസുമൊക്കെ വലിയ വിവാദങ്ങളുയർത്തി. സ്ഫോടനാത്മകമായ വിവരങ്ങൾ ചോർത്തിയെടുത്ത് അധികാരികളെ ഞെട്ടിച്ചവരുണ്ട്. സ്റ്റിംഗ് ഓപ്പറേഷനിലൂടെ അന്തഃപുരരഹസ്യങ്ങളും വലിയ അഴിമതികളും പുറത്തുകൊണ്ടുവന്നിട്ടുണ്ട്. കുംഭകോണങ്ങളും രാഷ്ട്രീയ ഇടപെടലുകളും രാജ്യദ്രോഹപരമായ നടപടികളുമൊക്കെ തുറന്നുകാട്ടുന്നതിൽ ഇന്ത്യൻ മാധ്യമരംഗം കാണിച്ചിട്ടുള്ള ആർജവം ആഗോളതലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പ്രഗത്ഭരായ പല മാധ്യമപ്രവർത്തകരെയും രാജ്യം സംഭാവന ചെയ്തു. വരകളിലൂടെയും കാർട്ടൂണുകളിലൂടെയും നിശിത വിമർശനങ്ങൾ നടത്തി അതിനിരയായവരുടെപോലും അഭിനന്ദനത്തിനു പാത്രീഭൂതരായ മാധ്യമപ്രവർത്തകരും രാജ്യത്തുണ്ടായിരുന്നു. ജനാധിപത്യത്തിൽ മാധ്യമങ്ങൾക്കു നൽകേണ്ട സ്ഥാനത്തെക്കുറിച്ചു നല്ല അവബോധം ഉണ്ടായിരുന്ന അത്തരം ഭരണാധികാരികൾ വികസിത രാജ്യങ്ങളിൽപ്പോലും വിരളമാണ്.

വിമർശനങ്ങളെ സ്വാഗതം ചെയ്യാനും തിരുത്തലുകൾ വരുത്താനും തയാറാകുന്ന ഭരണാധികാരികളാണ് ഏതു ജനാധിപത്യത്തിന്റെയും

കരുത്ത്. എന്നാൽ, സൃഷ്ടിപരമായ വിമർശനങ്ങളോടുപോലും അസഹിഷ്ണുത പുലർത്തിയ പല നേതാക്കളും ഭരണാധികാരികളും ഇവിടെയുമുണ്ടായിരുന്നു. മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരെയും രാഷ്ട്രീയക്കാർ വേട്ടയാടിയ കാലവും സ്വതന്ത്ര ഇന്ത്യ കണ്ടിട്ടുണ്ട്.

വിമർശനങ്ങൾ മാത്രമാണോ മാധ്യമധർമം? ഒരിക്കലുമല്ല. വിമർശനങ്ങൾക്കുമപ്പുറമുള്ള ചില ഉന്നത ഉത്തരവാദിത്വങ്ങൾ മാധ്യമങ്ങൾക്കു നിർവഹിക്കാനുണ്ട്. നൂറ്റിമുപ്പത്തിരണ്ടു കോടിവരുന്ന ജനസഞ്ചയത്തിന് അഭിമാനത്തോടെ ജീവിക്കാനുള്ള അവസരമൊരുക്കുക എന്നതു വലിയ ഉത്തരവാദിത്വമാണ്. അതു സാധ്യമാക്കുക എന്നത് ഇന്നും നമുക്കു ബാലികേറാമലയാണ്.

2011ലെ സാമൂഹ്യ സാമ്പത്തിക ജാതി സർവേയുടെ പൂർണവിവരങ്ങൾ പുറത്തുവന്നിട്ടില്ലെങ്കിലും ലഭ്യമായ വിവരങ്ങൾ സ്വാതന്ത്ര്യത്തിന്റെ ഏഴുപതിറ്റാണ്ടുകളുടെ പല ദൗർബല്യങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്. സ്ഥിതിവിവരക്കണക്കുകൾ പലപ്പോഴും യഥാർഥ ചിത്രങ്ങളല്ല നൽകുന്നതെന്നു പറയുന്നവരുണ്ടാകാം. പക്ഷേ, ചില യാഥാർഥ്യങ്ങൾക്കു നേരേ പിടിക്കുന്ന കണ്ണാടിയിലെ പ്രതിബിംബങ്ങളെ ആർക്കും അവഗണിക്കാനാവില്ല. അതു പ്രതിബിംബമായതുകൊണ്ട് യാഥാർഥ്യമല്ലെന്നു വാദിക്കുമ്പോൾ യാഥാർഥ്യങ്ങളെത്തന്നെ പുറത്തുകൊണ്ടുവരുകയാണു മാധ്യമങ്ങളുടെ ദൗത്യം.

സ്വാതന്ത്ര്യത്തിന്റെ എഴുപതിറ്റാണ്ടുകളുടെ ആദ്യപകുതി രാജ്യത്തിനു നിലനില്പിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ കാലമായിരുന്നു. അതിനു മാധ്യമങ്ങളുടെ പിന്തുണയും ഭരണകൂടത്തിനു ധാരാളമായി ലഭിച്ചു. രാജ്യം പുരോതിയുടെ പുതുചക്രവാളങ്ങൾ തേടുന്ന കാലമായിരുന്നു അടുത്ത പകുതി. കഴിഞ്ഞ കാൽ നൂറ്റാണ്ട് ശാസ്ത്ര- സാങ്കേതിക രംഗത്തും വാർത്താവിനിമയ രംഗത്തും വിപ്ലവകരമായ പുരോഗതിയുണ്ടായി.

മാറ്റങ്ങളോടു സാവധാനം പ്രതികരിച്ചിരുന്ന രാജ്യം ഉദാരവത്കരണത്തിന്റെയും ആഗോളവത്കരണത്തിന്റെയും ഘട്ടത്തിലേക്കു കടന്നപ്പോൾ ഇന്ത്യൻ നഗരങ്ങളുടെ മാത്രമല്ല ധാരാളം ഗ്രാമങ്ങളുടെയും മുഖച്ഛായയിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായി. ഗ്രാമങ്ങൾ ചെറുപട്ടണങ്ങളുടെയും പട്ടണങ്ങൾ വൻനഗരങ്ങളുടെയും രൂപവും സ്വഭാവവും കൈവരിച്ചു. നഗരവത്കരണം വികസനത്തിന്റെ പുറംപൂച്ചിനപ്പുറം ആഴത്തിലുള്ള മാറ്റത്തിനു വഴിയൊരുക്കിയില്ലെന്ന് അഭിപ്രായപ്പെടുന്നവർ ഏറെയാണ്.

സ്വതന്ത്ര ഇന്ത്യ സാങ്കേതിക മുന്നേറ്റങ്ങളോട് ആദ്യമൊക്കെ അൽപം മെല്ലെപ്പോക്ക് നയം സ്വീകരിച്ചുവോ എന്നു സംശയമുണ്ട്. അതേസമയം അടിസ്ഥാന സൗകര്യവികസനത്തിനുതകുന്ന പല പദ്ധതികളും വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്തു. വിക്രം സാരാഭായിയെപ്പോലുള്ള ശാസ്ത്രപ്രതിഭകളാണു ശാസ്ത്രസാങ്കേതിക മുന്നേറ്റത്തിനൊപ്പം ഇന്ത്യയെ നയിക്കാൻ അന്നു ഭരണാധികാരികളെ പ്രേരിപ്പിച്ചത്.

സാധ്യമായ എല്ലാ ശാസ്ത്രീയ നേട്ടങ്ങളും സ്വാംശീകരിച്ചു രാജ്യത്തെ വികസനത്തിലേക്കു നയിക്കണമെന്നായിരുന്നു വിക്രം സാരാഭായിയെപ്പോലുള്ളവരുടെ അഭിപ്രായം. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ആ ആശയത്തെ പ്രോത്സാഹിപ്പിച്ചു. ടെലിവിഷൻ കൂടുതൽ പ്രചരിപ്പിക്കണമെന്ന ആശയവും സാരാഭായിയുടേതായിരുന്നു. ഒറ്റപ്പെട്ട ഗ്രാമങ്ങളിലേക്കും ജനസമൂഹങ്ങളിലേക്കും സാമൂഹികവും സാമ്പത്തികവുമായ വികസനം എത്തിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻ സെന്ററിൽനിന്ന് എഴുപതുകളുടെ മധ്യത്തിൽ ഉപഗ്രഹ വാർത്താവിനിമയ സംവിധാനം ഏർപ്പെടുത്തിയത് ഈ മുന്നേറ്റത്തിലെ നാഴികക്കല്ലായിരുന്നു. രണ്ടായിരത്തിഅഞ്ഞൂറോളം ഗ്രാമങ്ങളിൽ വികസനോന്മുഖ പരിപാടികൾ എത്തിക്കാനായി. റേഡിയോയും ടെലിവിഷനുമൊക്കെ അന്നുവരെ വിനോദോപാധികളായി കരുതിയിരുന്നെങ്കിൽ പിന്നീടു മാധ്യമങ്ങളുപയോഗിച്ചുള്ള വികസനത്തെക്കുറിച്ചുള്ള സങ്കല്പം പുതിയ രൂപവും ഭാവവും കൈവരിച്ചു.

പാശ്ചാത്യ വികസിത സമൂഹം സാങ്കേതിക വളർച്ചയെ വിപണി താൽപര്യങ്ങൾക്കനുസൃതമായി വളർത്തിയെടുത്തപ്പോൾ ഇന്ത്യ അതു സമൂഹത്തിലെ ദുർബലവിഭാഗത്തിനു പ്രയോജനപ്പെടുത്താനുള്ള വഴികൾ തേടി. ഗാന്ധിയൻ വികസന സങ്കൽപത്തിനനുസൃതമായി പട്ടിണിയും അജ്ഞതയും അകറ്റാനുള്ള വഴികൾ കണ്ടെത്താൻ നെഹ്റു ശാസ്ത്രജ്ഞരെ ആഹ്വാനം ചെയ്തത് ഈ ലക്ഷ്യത്തോടെയാണ്.

ഇത്തരം സാമൂഹ്യബോധം നെഞ്ചിലേറ്റിയാണ് ഇന്ത്യയിൽ ശാസ്ത്രജ്ഞരും സാമൂഹ്യ പ്രവർത്തകരും മാധ്യമപ്രവർത്തകരുമൊക്കെ പ്രവർത്തിച്ചത്. റോക്കറ്റ് വിക്ഷേപണത്തിനുള്ള സാമഗ്രികൾ സൈക്കിളിന്റെ പിന്നിൽ വച്ചുകൊണ്ടുപോകുന്ന കാഴ്ച അന്നു ലോകത്തിനു കൗതുകവും കുറേപ്പേർക്കെങ്കിലും വിമർശനത്തിനുള്ള വിഷയവുമായി. അത്തരം തുടക്കങ്ങൾ ചന്ദ്രയാനിലും പിന്നീടു ചൊവ്വാ പര്യവേക്ഷണത്തിലുംവരെ എത്തി. ലോകം ഇന്ന്, ഇന്ത്യയുടെ ശാസ്ത്രനേട്ടങ്ങൾ വിലമതിക്കുന്നു.

ഈ നേട്ടങ്ങളോടെല്ലാം ചേർന്നുനിന്നുകൊണ്ട് രാജ്യത്തെ മാധ്യമലോകം സൃഷ്ടിപരമായ സംഭാവനകൾ ചെയ്തു. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടന്നപ്പോൾ രാജ്യത്ത് അതിസമ്പന്നരും മധ്യവർഗവും കൂടുതൽ ശക്തരായി. പക്ഷേ, ഒരുവിഭാഗം ജനങ്ങൾ കൂടുതൽ ദാരിദ്ര്യത്തിലേക്കും പിന്നോക്കാവസ്ഥയിലേക്കും ആഴ്ന്നുപോയി. ഈ അസമത്വം മാധ്യമങ്ങൾ പൊതുജനശ്രദ്ധയ്ക്കു മുന്നിൽ വച്ചു. വികസനത്തെ വളച്ചൊടിക്കുന്നവർ എന്നൊക്കെ ചില മാധ്യമപ്രവർത്തകർക്കു ദുഷ്പേരു കിട്ടിയെങ്കിലും ഇരുൾവീണ പല ഇടങ്ങളിലേക്കും മാധ്യമങ്ങൾ ടോർച്ച് തെളിച്ചുപിടിച്ചു. ആ ദൗത്യം ഇനിയും തുടരണം. അതു തന്നെയാണ് എന്നത്തെയും പോലെ ഇന്നത്തെയും മാധ്യമധർമം.



ആബെ ജേക്കബ്




# വ്യാപം
## അഴിമതിയുടെ പർവതാകാരം

ജനാധിപത്യത്തിന്റെ നാലാം തൂണ് എന്നു വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾ പൊതു സമൂഹത്തിന്റെ കാവൽ നായ്ക്കളാകുന്നു. അതിന്റെ പ്രതിനിധികളായ മാധ്യമ പ്രവർത്തകരുടെ നേർക്കുള്ള ഏത് അക്രമവും അതിനാൽ അപലപനീയവുമാണ്; കാരണം അത് അറിയാനുള്ള അവകാശത്തോടുള്ള വെല്ലുവിളിയാണ്. പക്ഷെ, കൃത്യ നിർവഹണത്തിനിടയിൽ മാധ്യമപ്രവർത്തകർ കൊല്ലപ്പെടുക എന്നത് ഇന്ന് ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. നിക്ഷിപ്ത താല്പര്യക്കാരുടെയും അഴിമതി രാജാക്കന്മാരുടെയും ഇരകളായി അന്വേഷണാത്മക പത്രപ്രവർത്തകർ മാറുന്നു. അവർ നിഷ്ഠൂരമായി ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതിനെ സമൂഹം കുറെക്കൂടി ആകുലതയോടെയും ആശങ്കയോടെയും കാണേണ്ടിയിരിക്കുന്നു. പക്ഷെ അത് സംഭവിക്കുന്നില്ല എന്നതാണ് സമകാലീന യാഥാർത്ഥ്യം. പ്രമാദമായ വ്യാപം കുംഭകോണത്തിലും നടന്നത് അതു തന്നെ.




ആരോപണവിധേയരായവരുടെ എണ്ണവും, അവരുടെ വ്യക്തിത്വങ്ങളുടെ വലിപ്പവും, ആ കൈകളിലൂടെ മറിഞ്ഞ തുകയുടെ പെരുപ്പവും വച്ചു നോക്കുമ്പോൾ കാലിത്തീറ്റ കുംഭകോണത്തെയും വെല്ലുന്ന അഴിമതിയാണ് വ്യാപം. പക്ഷെ, അതൊന്നുമല്ല വ്യാപത്തിന്റെ പ്രാധാന്യം. ഈ അഴിമതി അന്വേഷണവുമായി ബന്ധപ്പെട്ട 45 പേരെ ഒന്നൊന്നായി കൊന്നു തള്ളിക്കൊണ്ട് അഴിമതിയുടെ വിശദാംശങ്ങൾ പുറത്തുവരുന്നതിനെ തടയാനുള്ള ശ്രമമാണ് കേസിനെ പ്രമാദമാക്കിയത്. കൊല്ലപ്പെട്ടവരിൽ അക്ഷയ്സിങ് എന്ന ദൃശ്യ മാധ്യമ പ്രവർത്തകനും ഉണ്ട് എന്നത് വെറും യാദൃശ്ചികതയല്ല.

അടിസ്ഥാന യോഗ്യതയില്ലാത്ത കുറെ ഡോക്ടർമാർ നടത്തിയ അബദ്ധ ചികിത്സമൂലം സ്വന്തം അമ്മയെ നഷ്ടമായ ആശിഷ് കുമാർ ചതുർവേദി എന്ന ഒരു 26 കാരന്റെ നിശ്ചയദാർഢ്യമാണ് ഇന്ത്യാ മഹാരാജ്യത്തെ ഞെട്ടിച്ച ഏറ്റവും വലിയ വ്യാപം അഴിമതിയുടെ ചുരുളുകൾ അഴിച്ചത്. അതുയർത്തിയ കൊടുങ്കാറ്റിൽ അധികാര ഗോപുരങ്ങൾ ആടിയുലഞ്ഞു ... രാഷ്ട്രീയ സിംഹാസനങ്ങൾ വിറപൂണ്ടു ... ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം ഞെട്ടിത്തരിച്ചു.

വ്യാപം അഴിമതിയുമായി ബന്ധപ്പെട്ട് ഇതുവരെ 45 പേർ ദുരൂഹ സാഹചര്യത്തിൽ മരിച്ചതായി കണക്കാക്കപ്പെടുന്നു. വൻ നേതാക്കളുടെ നിര തന്നെ വ്യാപം അഴിമതിയുമായി ബന്ധപ്പെട്ട് കേൾക്കുന്നു. മുഖ്യമന്ത്രിയും ഭാര്യയും വരെ ആരോപണത്തിന്റെ നിഴലിലാണ്. മുതിർന്ന രാഷ്ട്രീയക്കാരും ഉന്നത ഐ.എ.എസ് ഉദ്യോഗസ്ഥരുമൊക്കെ അഴിമതിക്ക് കൂട്ടുനിന്നു. അഴിമതി ആരോപണം നേരിട്ടവരും, സാക്ഷികളും, സംഭവം റിപ്പോർട്ടു ചെയ്ത മാധ്യമ പ്രവർത്തകനും കൊല്ലപ്പെട്ടതാണ് ഈ അഴിമതിയുടെ പിന്നിലെ വലക്കണ്ണികൾ എത്രശക്തരാണ് എന്നതിന്റെ തെളിവ്.

## ചതുർവേദിയുടെ നിയോഗം

അമ്മയുടെ ചികിത്സാർത്ഥം ഗ്വാളിയറിലെ ഒരു ആശുപത്രിയിലെത്തിയ ചതുർവേദിയെ, അവിടുത്തെ ചില ഡോക്ടർമാരുടെ അറിവില്ലായ്മ അദ്ഭുതപ്പെടുത്തി. അർബുദ ചികിത്സക്കായി പ്രവേശിപ്പിക്കപ്പെട്ട അമ്മ 2009 ൽ മരിച്ചു. പക്ഷെ, സർക്കാർ ആശുപത്രിയിലെ പല ഡോക്ടർമാർക്കും രോഗവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരം പോലും ഇല്ല എന്ന് അമ്മയുടെ ചികിത്സക്കിടയിൽ തന്നെ ചതുർവേദി മനസിലാക്കി.

അത് ആ ചെറുപ്പക്കാരനെ ഇരുത്തി ചിന്തിപ്പിച്ചു. ആശുപത്രികളിൽ എത്തുന്ന രോഗികളെ ചികിത്സിക്കാൻ തലതിരിഞ്ഞ മാർഗങ്ങളാണ് ഈ മണ്ടൻ ഡോക്ടർമാർ സ്വീകരിക്കുന്നത് എന്ന് തിരിച്ചറിവിൽ നിന്ന് ചതുർവേദി സ്വന്തം നിലയിൽ ഒരു അന്വേഷണം ആരംഭിക്കുകയായിരുന്നു. അനധികൃത മാർഗത്തിലൂടെ 2010 ൽ മെഡിക്കൽ കോളജിൽ പ്രവേശനം നേടിയ ബ്രിജേന്ദ്ര രഘുവംശി എന്ന വൈദ്യശാസ്ത്ര വിദ്യാർത്ഥിയെ കണ്ടുമുട്ടിയതാണ് ചതുർവേദിയുടെ അന്വേഷണത്തിൽ വഴിത്തിരിവായത്. എങ്ങനെയാണ് മെഡിക്കൽ പ്രവേശന പരീക്ഷയിൽ കള്ളത്തരങ്ങൾ നടക്കുന്നത് എന്ന് രഘുവംശി, ചതുർവേദിയോട് വിവരിച്ചു. കൈക്കൂലികൾ വന്നു പോകുന്ന വഴികളെക്കുറിച്ചും രഘുവംശിയിൽ നിന്ന് വിവരം ലഭിച്ചു. സമർത്ഥരായ വിദ്യാർത്ഥികളെ കൊണ്ട് പരീക്ഷ എഴുതിപ്പിച്ച്



ആശിഷ് കുമാർ ചതുർവേദി

പണക്കാരായ മണ്ടന്മാരെ മെഡിക്കൽ എൻട്രൻസ്എന്ന കടമ്പ കടത്തിവിടുന്ന കഥകളും രഘുവംശി പറഞ്ഞു. പരീക്ഷ നടക്കുമ്പോൾ യഥാർത്ഥ പരീക്ഷാർത്ഥികൾ സമീപത്തെ തിയറ്ററുകളിൽ സിനിമ കാണുകയാണ് എന്ന അറിവ് ഞെട്ടിപ്പിക്കുന്നതായിരുന്നു.

പരീക്ഷ എഴുതി ജയിക്കേണ്ട സമയത്ത് സിനിമ കണ്ടിരുന്നവർ പിന്നീട് പൊതുജനത്തിന്റെ ജീവൻ വച്ച് കളിക്കുന്നത് കണ്ടു നില്ക്കാൻ കഴിയാതെ വന്ന സന്ദർഭത്തിലാണ് താൻ പ്രതികരിച്ചത് എന്ന് ചതുർവേദി പറയുന്നു. മെഡിക്കൽ പ്രവേശന പരീക്ഷയിലെ കള്ളത്തരങ്ങൾ നേരിട്ടു മനസിലാക്കുന്നതിന് ബിജേന്ദ്ര രഘുപതിക്കൊപ്പം ഒരു സ്വകാര്യ സ്ഥാപനത്തിലെ കൗൺസിലിങ്ങിലും ചതുർവേദി പങ്കെടുക്കുകയുണ്ടായി.

വൈകാതെ, മധ്യപ്രദേശിൽ 2003 മുതൽ വൈദ്യശാസ്ത്ര പഠനത്തിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ യോഗ്യതകൾ പരിശോധിക്കണമെന്നാവശ്യപ്പെട്ടു ചതുർവേദി സുപ്രീംകോടതിയെ സമീപിച്ചു. പ്രാഥമിക പരിശോധനയിൽ തന്നെ കോടതിയുടെ മുമ്പിലെത്തിയ വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഇതോടെ ഇയാളെ കൊലപ്പെടുത്താനുള്ള നീക്കങ്ങളുണ്ടായി. മൂന്ന് തവണ ചതുർവേദിക്കു നേരെ വധശ്രമം നടന്നു. തുടർന്ന് ഇയാൾക്ക് ആജീവനാന്ത പോലീസ് സംരക്ഷണം നല്കാൻ ഗ്വാളിയറിലെ പ്രത്യേക കോടതി ഉത്തരവിട്ടു. പോലീസ് സുരക്ഷയുണ്ടായിട്ടും തന്റെ ജീവൻ തുലാസിലാണ് എന്ന് തിരിച്ചറിഞ്ഞു കൊണ്ടു തന്നെയാണ് ആശിഷ് കുമാർ ചതുർവേദിയുടെ പോരാട്ടം. ആരെയെങ്കിലും സംശയകരമായി തോന്നിയാൽ അറിയാക്കാനാണ് പോലീസ് നല്കിയിരിക്കുന്ന നിർദേശം. മുഖ്യമന്ത്രി ശിവരാജ് ചൗഹാന്റെ ബന്ധുക്കളാണ് ഈ തീവെട്ടിക്കൊള്ളകളുടെ മുഖ്യസംഘാടകർ എന്ന് ആദ്യം ആക്ഷേപം ഉന്നയിച്ചത് ചതുർവേദി തന്നെയായിരുന്നു. എനിക്ക് ആരുടെയും സഹായം ലഭിച്ചില്ല, നാളെ ജീവിച്ചിരിക്കുമെന്നു പോലും എനിക്ക് ഉറപ്പില്ല - അഴിമതിക്കെതിരെ ഒറ്റയാൾ പോരാട്ടം നടത്തിയ ചതുർവേദി പറയുന്നു. എന്നെ വെട്ടി നുറുക്കി തെരുവിൽ തള്ളുമെന്നാണ് ഏറ്റവും ഒടുവിൽ ലഭിച്ച ഭീഷണി. എന്നിട്ടും ഇപ്പോഴും 24 മണിക്കൂർ സംരക്ഷണം നല്കാൻ മധ്യപ്രദേശ് പോലീസ് തയാറായിട്ടില്ല. അഴിമതിക്കെതിരായ പ്രതിരോധം ശക്തമായപ്പോൾ അത്തരക്കാരെ കൊന്നു തള്ളി തെളിവുകൾ ഇല്ലാതാക്കുക എന്ന ഫാസിസ്റ്റ് പ്രശ്ന നിർദ്ധാരണ രീതി ഒരു മറയുമില്ലാതെ നടപ്പിലാക്കാൻ തുടങ്ങിയതോടെയാണ് വിഷയം മാധ്യമശ്രദ്ധയിൽ വരുന്നത്.

## അഴിമതി വന്ന വഴി

മധ്യപ്രദേശിലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്കും സർക്കാർ തസ്ഥികകളിലേക്കും പ്രവേശനത്തിനും നിയമനത്തിനും യോഗ്യത നല്കുന്ന പരീക്ഷകൾ നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള മധ്യപ്രദേശ് വ്യാവസായിക് പരീക്ഷാ മണ്ഡൽ (മധ്യപ്രദേശ് പ്രഫഷനൽ എക്സാമിനേഷൻ ബോർഡ്) എന്നതിൻെറ ഹിന്ദി ഭാഷയിലെ ചുരുക്കപ്പേരാണ് വ്യാപം (വ്യാവസായിക് പരീക്ഷാ മണ്ഡൽ). പബ്ളിക് സർവീസ് കമ്മീഷൻ വഴി നികത്താത്ത സംസ്ഥാനത്തെ വിവിധ പോസ്റ്റുകളിലേക്ക് വ്യാപം നടത്തുന്ന പരീക്ഷകൾ വഴിയാണ് നിയമനം നടത്തി വരുന്നത്. 2013 ൽ വ്യാപം നടത്തിയ പ്രീമെഡിക്കൽ ടെസ്റ്റ് പാസാകാൻ ഒരു ഡോക്ടറുടെ നേതൃത്വത്തിലുള്ള റാക്കറ്റ് നിരവധി രാഷ്ട്രീയക്കാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സഹായത്തോടെ നടത്തിയതാണ് ഈ അഴിമതി. 2009 വരെ ഈ അഴിമതിയുടെ സംഘടിത സ്വഭാവം പുറത്തായിരുന്നില്ല. 2013 ലാണ് ഇൻഡോറിൽ നിന്നുള്ള ഡോ.ആനന്ദ റായ് വ്യാപം നടത്തുന്ന മെഡിക്കൽ പ്രവേശന പരീക്ഷയിൽ ക്രമക്കേടുകൾ ഉണ്ട് എന്ന ആരോപണവുമായി രംഗത്ത് എത്തിയത്. ഇതിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ രാഷ്ട്രീയ ഉന്നത ഉദ്യോഗസ്ഥരെയും വെളിച്ചത്ത് കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ഡോ. റായ് മധ്യപ്രദേശ് ഹൈക്കോടതിയെ സമീപിച്ചു. ഈ ആരോപണം വൻമാധ്യമ ശ്രദ്ധ നേടിയതോടെ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് സർ

ക്കാർ ഉത്തരവിടുകയായിരുന്നു. അന്വേഷണം പുരോഗമിക്കും തോറും വ്യാപത്തിന്റെ വ്യാപ്തി സമുദ്രത്തിലെ മഞ്ഞുമല പോലെ ഭീമാകാരമാണ് എന്ന് അന്വേഷണ ഉദ്യോഗസ്ഥർക്കു ബോധ്യപ്പെട്ടു.

2007 മുതൽ 2013 വരെയുള്ള കാലയളവിൽ ഏകദേശം 1,40,000 പേർക്ക് വിവിധ സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അനർഹമായ പ്രവേശനം ലഭിച്ചു. ഉദ്യോഗാർത്ഥികളെയും വിദ്യാർഥികളെയും കണ്ടെത്തി കൈക്കൂലി വാങ്ങുന്നതാണ് തട്ടിപ്പ് രീതി. ലക്ഷങ്ങൾ നൽകുന്നവർക്ക് ചോദ്യപേപ്പർ മുൻകൂട്ടി എത്തിച്ചു നൽകുന്ന സംവിധാനം. അത് സാധിക്കാത്തിടത്ത്, അറിയുന്ന ഉത്തരം മാത്രം കൃത്യമായി എഴുതി ബാക്കിഭാഗം ഒന്നുമെഴുതാതെ ഉത്തരക്കടലാസ് തിരിച്ചു നൽകും. പിന്നീട് ഉദ്യോഗാർത്ഥിയെ വിളിച്ച് ശൂന്യ ഭാഗങ്ങളിൽ യഥാർത്ഥ ഉത്തരം എഴുതി മുഴുവൻ മാർക്കും നൽകി റാങ്ക് പട്ടികയിൽ മുകളിലെത്തിക്കും. ഇത് മറ്റൊരു രീതി. ഇതിനും കഴിയാത്തിടത്ത് ഉത്തരകടലാസ് തന്നെ പൂർണമായി മാറ്റി എഴുതി പകരം വെയ്ക്കും. മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് ഇരിക്കേണ്ട വിദ്യാർത്ഥികൾക്കു വേണ്ടി ഡോക്ടർമാർ വരെ എഴുത്തുപിള്ളമാരായി. കോടികളുടെ അഴിമതിയാണ് ഇതിനു
പിന്നിൽ നടന്നത്. പ്രധാനമായും ഇടനിലക്കാരിലൂടെയായിരുന്നു ഈ തട്ടിപ്പുകൾ അരങ്ങേറിയത്.

2003 മുതൽ വ്യാപം നടത്തിയ പ്രവേശന പരീക്ഷകളിൽ ചെറിയ തിരിമറികളാണ് നടന്നത്. 2009 മുതൽ ക്രമക്കേടുകൾ എല്ലാ അതിർവരമ്പുകളും ലംഘിച്ച് വ്യാപകമായി. രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും പണം നല്കുന്നവർ മാത്രമെ ആ കാലയളവിൽ സർക്കാർ പ്രവേശന പരീക്ഷകളിൽ വിജയിച്ചിരുന്നുള്ളൂ. അങ്ങനെ അയോഗ്യരായ അയിരക്കണക്കിന് യുവതീ യുവാക്കൾക്ക് പല സർക്കാർ തസ്തികകളിലും നിയമനം കിട്ടി. വിവരാ

വ്യാപം അഴിമതി റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകൻ അക്ഷയ് സിങ് ദുരൂഹ സാഹചര്യത്തിൽ മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം വേണമെന്ന് ഐക്യരാഷ്ട്ര സഭ. സമൂഹത്തിൽ മാധ്യമ പ്രവർത്തകർക്കെതിരായ അക്രമങ്ങൾക്ക് കർശന ശിക്ഷ നല്കണമെന്നും യു.എന്നിന്റെ, അഭിപ്രായ പ്രകടനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഏജൻസി വ്യക്തമാക്കി. വാർത്തകളും വിവരങ്ങളും പുറത്ത് കൊണ്ടുവരാനും അത് ജനങ്ങൾക്ക് എത്തിച്ചു നല്കാനുമുള്ള ഉത്തരവാദിത്തം മാധ്യമ പ്രവർത്തകർക്കാണ്. അത് സുരക്ഷിതമായ രീതിയിൽ നിറവേറ്റാൻ അവർക്ക് നിയമ സംരക്ഷണം നല്കണമെന്നും മാധ്യമ പ്രവർത്തകർക്കെതിരായ ആക്രമണങ്ങൾക്ക് ഉത്തരവാദികളായവർ ഒരിക്കലും രക്ഷപ്പെടാൻ പാടില്ലെന്നും യുഎൻ വ്യക്തമാക്കി. അക്ഷയിന്റെ മരണത്തെ കുറിച്ച് കേന്ദ്രഗവൺമെന്റ് അന്വേഷിക്കണമെന്ന് കമ്മിറ്റി ടു പ്രൊട്ടക്ട് ജേണലിസ്റ്റ് ഏഷ്യയും ആവശ്യപ്പെട്ടു.



വകാശ നിയമം ഉപയോഗിച്ച് ചതുർവേദി ഇവരുടെ വിദ്യാഭ്യാസ യോഗ്യത കണ്ടുപിടിച്ചു. 2003 മുതലുള്ള മെഡിക്കൽ പ്രവേശനം സംബന്ധിച്ച് അന്വേഷണമാവശ്യപ്പെട്ട് അദ്ദേഹം സുപ്രീംകോടതിയെ സമീപിച്ചു.

## മരണങ്ങൾ....പിന്നെയും പിന്നെയും

അഴിമതി പുറത്തായതോടെ ആരോപണം നേരിട്ടവരും, അതിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ചവരുമൊക്കെ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടു തുടങ്ങി. ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യ ചെയ്ത നിലയിലും, തൂങ്ങി മരിച്ച നിലയിലുമൊക്കെ ഇവരിൽ പലരുടെയും മൃതദേഹങ്ങൾ കണ്ടെത്തി. എം.ജി.എം. മെഡിക്കൽ കോളേജിൽ വിദ്യാർഥിനിയായിരുന്ന നമ്രദ ദാമറെ 2012 ജനുവരിയിലാണ് റെയിൽപ്പാളത്തിൽ വണ്ടി




കയറി മരിച്ചനിലയിൽ കണ്ടത്. അതെക്കുറിച്ച് അന്വേഷിച്ചു പോയ ഹിന്ദി ചാനൽ ടിവി ടുഡെയുടെ റിപ്പോർട്ടർ അക്ഷയ്സിങ് കുഴഞ്ഞുവീണ് മരിച്ചു. വ്യാപം നിയമനതട്ടിപ്പ് അന്വേഷിച്ച പ്രത്യേക ദൗത്യസംഘത്തെ സഹായിച്ച ജെബൽപ്പൂർ മെഡിക്കൽ കോളജ് ഡീൻ ഡോ. അരുൺ ശർമ്മ, മധ്യപ്രദേശ് ഗവർണറുടെ മകൻ ശൈലേഷ് യാദവ് തുടങ്ങിയവരും മരിച്ചവരിൽ ഉൾപ്പെടുന്നു.

## അക്ഷയ് സിങ് എന്ന ഇര

ഇന്ത്യാ ടുഡെ ഗ്രൂപ്പിന്റെ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹിന്ദി വാർത്താ ചാനലായ ആജ് തക്കിന്റെ റിപ്പോർട്ടർ അക്ഷയ് സിങ് 2015 ജൂലായ് നാലിനാണ് മരിക്കുന്നത്. ഹൃദയാഘാതമാണ് കാരണമെന്ന് മരണ സർട്ടിഫിക്കറ്റിൽ പറയുന്നു. ഉജ്ജൈൻ ജില്ലയിലെ റയിൽവേ ട്രാക്കിനു സമീപം ദുരൂഹമായ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയ ഇൻഡോർ മെഡിക്കൽ കോളജ് വിദ്യാർഥിയും കേസിൽ സാക്ഷിയുമായിരുന്ന നമ്രദ ദാമറിന്റെ മാതാപിതാക്കളുമായി സംസാരിച്ചശേഷം ആ വീട്ടിൽ നിന്നിറങ്ങിയ ഉടനെയാണ് ആജ് തക്കിന്റെ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം അംഗമായ അക്ഷയ്സിങിന് ഹൃദയാഘാതമുണ്ടായത്. ഫോണിൽ വിളിച്ച ശേഷം അന്ന് ഉച്ചക്കാണ് അക്ഷയും, ക്യാമറാമാൻ കിഷൻ കുമാറും മറ്റൊരു സഹായിയും നമ്രദയുടെ വീട്ടിലെത്തിയത്. ജബുവ പട്ടണത്തിലെ മേഘ്നഗറിലെ വീട്ടിൽ അഭിമുഖം കഴിഞ്ഞയുടനെ വായിൽ നിന്ന് നുരയും പതയും വന്ന് കുഴഞ്ഞുവീണ ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. അക്ഷയ് സിങിന് ആരോഗ്യ പ്രശ്നങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. നമ്രദയുടെ വീട്ടിലെത്തിയ അക്ഷയ് അഭിമുഖത്തിനു ശേഷം ചില രേഖകളുടെ ഫോട്ടോകോപ്പിയെടുക്കാനായി സഹായികളിൽ ഒരാളെ പറഞ്ഞയച്ചു. ദാമറിന്റെ വീടിനു പുറത്തു കാത്തിരുന്ന ഇയാളുടെ വായിൽ നിന്നു പെട്ടെന്നു നുരയും പതയും വരികയായിരുന്നു. ഉടൻ സമീപത്തുള്ള സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് സ്വകാര്യ ആശുപത്രിയിലേക്കും, ഇവിടെ നിന്നു ദഹോതിലുള്ള ആശുപത്രിയിലേക്കും കൊണ്ടുപോയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അക്ഷയിന്റേത് സ്വാഭാവിക മരണമാണെന്ന വാദം തള്ളിക്കളഞ്ഞ വീട്ടുകാർ സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ്. സിങിന്റെ മരണ കാരണം കണ്ടത്തെണമെന്ന് ടുഡെ ഗ്രൂപ്പ്, മുഖ്യമന്ത്രി ചൗഹാനെ കണ്ട് ആവശ്യപ്പെട്ടു. ഇക്കാര്യം അംഗീകരിച്ച ചൗഹാൻ, അക്ഷയ് സിങിന്റെ ആന്തരിക അവയവ പരിശോധന എയിംസിൽ നടത്തുമെന്ന് ഉറപ്പു നൽകി. ഈ വിഷയത്തിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷവും രംഗത്തിറങ്ങി. കോൺഗ്രസ്, സി.പി.ഐ, ആം ആദ്മി പാർട്ടികളാണ് ഈ ആവശ്യമുന്നയിച്ചത്. പത്രപ്രവർത്തകന്റെ മരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് ജനറൽ സെക്രട്ടറി ദിഗ്വിജയ് സിങും രംഗത്തെത്തി. ഡൽഹിയിൽ നിന്ന് മധ്യപ്രദേശിലേക്ക് പോകുന്നതിനു മുമ്പ് അക്ഷയ് സിങ് തന്നെ കണ്ടിരുന്നുവെന്നും സൂക്ഷിക്കണമെന്ന് താൻ മുന്നറിയിപ്പ് നൽകിയതായും ദിഗ്വിജയ് സിങ് അവകാശപ്പെട്ടു.

അക്ഷയ്സിങ് മരിച്ചതിനു പിന്നാലെയാണ് ജബൽപൂർ മെഡിക്കൽ കോളജ് ഡീൻ ഡോ. അരുൺ ശർമ

യെ ഡൽഹിയിൽ മരിച്ചനിലയിൽ കണ്ടെത്തിയത്. ഡൽഹിയിലെത്തി ഹോട്ടലിൽ മുറിയെടുത്ത ഡോ. ശർമയെ പിറ്റേദിവസം രാവിലെയാണ് മരിച്ചനിലയിൽ കണ്ടത്. അകത്തുനിന്ന് പൂട്ടിയ മുറിയിൽ ശർമ കിടന്ന ബെഡിൽ നിന്ന് വിസ്കിയും ചില മരുന്നുകളും കണ്ടെടുത്തതായി ഡൽഹി പൊലീസ് അറിയിച്ചു. മറ്റൊരു പ്രതിയും ജെബൽപൂർ മെഡിക്കൽ കോളേജ് ആശുപത്രി ഡീനുമായ ഡോ. ഡി.കെ. സാകല്ലി പൊള്ളലേറ്റു മരിക്കുകയായിരുന്നു. തുടർന്നാണ് ഡോ. ശർമ രണ്ടുമാസം മുമ്പ് അദ്ദേഹത്തിന്റെ പിൻഗാമിയായി ചുമതലയേറ്റത്. കേസുമായി ബന്ധപ്പെട്ട ഡോ. രാജേന്ദ്ര ആചാര്യ, മൃഗഡോക്ടറായ നരേന്ദ്ര സിങ് തോമർ എന്നിവരും മരിച്ചിരുന്നു. മറ്റൊരു പ്രതി വിജയ് സിങിനെ മരിച്ചനിലയിൽ ഛത്തീസ്ഗഡ്ഡിലെ കങ്കേർ ജില്ലയിൽ ഏപ്രിൽ 28-നും കണ്ടെത്തി. ഫാർമസിസ്റ്റായ ഇയാളുടെ മൃതദേഹം ബി.ജെ.പി. എം.എൽ.എയുടെ ഉടമസ്ഥതയിലുള്ള ലോഡ്ജിലാണ് കണ്ടത്.




മധ്യപ്രദേശ് ഗവർണറും കേസിലെ പ്രതിയുമായ രാംനരേഷ് യാദവിന്റെ മകൻ ശൈലേഷ് യാദവിന്റെ (50) മരണമായിരുന്നു ഇതിൽ ഏറ്റവും ശ്രദ്ധേയം. ഉത്തർപ്രദേശിലെ ലഖ്നൗവിൽ രാംനരേഷിന്റെ വസതിയിൽ 2015 മാർച്ച് 25 നാണ് ഇയാളെ മരിച്ചനിലയിൽ കണ്ടത്. പോസ്റ്റ്മോർട്ടത്തിൽ മരണകാരണം മസ്തിഷ്ക രക്തസ്രാവം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രേഡ് 3 അധ്യാപക നിയമനത്തിലേക്ക് 10 പേരുടെ ലിസ്റ്റ് നൽകി മൂന്ന് ലക്ഷം രൂപ വാങ്ങി എന്ന ആരോപണം അദ്ദേഹത്തിനെതിരെയുണ്ടായിരുന്നു.

## വ്യാപത്തിന്റെ വ്യാപ്തി

ഒരു കാര്യം തീർച്ച. പുറത്ത് വന്നിരിക്കുന്നത് മഞ്ഞുമലയുടെ ഒരംശം മാത്രമാണ്. സമുദ്രത്തിനടിയിൽ മറഞ്ഞിരിക്കുന്നത് ഭീമാകാരമായ അഴിമതിയുടെ പർവ്വതമായിരിക്കും.
പക്ഷേ അത് ഇനി അത് പുറംലോകം അറിയാനിടയില്ല. ഗവർണറുടെ മകനാണെങ്കിലും ശൈലേഷ് യാദവിന് ഇനി വെളിപ്പെടുത്തലുകൾ സാദ്ധ്യമല്ല. അന്വേഷണ സംഘത്തിന് അദ്ദേഹത്തെ ചോദ്യം ചെയ്യാനുമാവില്ല.
കാരണം അദ്ദേഹം ഇനി ഇല്ല. തലച്ചോറിലെ രക്തസ്രാവം മൂലം മരിച്ചു. രക്തസ്രാവം എങ്ങിനെയുണ്ടായി? തനിയേ വന്നതോ, അതോ ആരെങ്കിലും ഉണ്ടാക്കിയതോ? ഇതിനൊക്കെ ഉത്തരമന്വേഷിച്ച് ഉദ്യോഗസ്ഥർ വിയർക്കേണ്ട കാര്യമൊന്നുമില്ല. ദുരൂഹമരണങ്ങളുടെ അറ്റമില്ലാത്ത പട്ടികയിലെ ഇങ്ങേയറ്റത്തെ ഒരാളായി ശൈലേഷ് യാദവിന്റെ പേരെഴുതി ചേർക്കുന്നതോടെ എല്ലാം ശുഭം. കാരണം സംഭവത്തിൽ ഗവർണറും ഭരണത്തലവനുമായ രാംനരേഷ് യാദവിനു പരാതിയൊന്നുമില്ല. മകൻ മരിച്ചതിൽ രാംനരേഷ് യാദവിന്റെ ഭാര്യയോ, സഹോദരനോ, സഹോദരിയോ അസ്വാഭാവികമായി ഒന്നും കാണുന്നുമില്ല.



ശിവരാജ് സിംഗ് ചൗഹാൻ

'വ്യാപം' അഴിമതിയുമായി ബന്ധപ്പെട്ട് 45 അസ്വാഭാവിക മരണങ്ങളുണ്ടായി എന്നാണ് പരാതിക്കാർക്കുവേണ്ടി ഹാജരായ മുൻ കേന്ദ്ര നിയമ മന്ത്രി കപിൽ സിബൽ കോടതിയിൽ ബോധിപ്പിച്ചത്. 25 – 30 വയസ്സ് പ്രായമുള്ളവരാണ് മരിച്ചവരിലേറെയും. ഇവരെല്ലാം തന്നെ പ്രതികളോ സാക്ഷികളോ അന്വേഷകരോ ആണ്. പക്ഷേ, കുടുംബക്കാരാരും പരാതിയുമായി വന്നിട്ടില്ല. 'വ്യാപം'




അഴിമതിയുമായി ബന്ധപ്പെട്ട എല്ലാ മരണങ്ങളും പ്രത്യേകമായി അന്വേഷിക്കുമെന്നു മുഖ്യമന്ത്രി ചൗഹാൻ വ്യക്തമാക്കിയിട്ടുണ്ട്. തട്ടിപ്പിനെകുറിച്ച് അന്വേഷിക്കാൻ ആദ്യം ആവശ്യപ്പെട്ടത് താനാണ്. ഇതുപോലെ ആഴത്തിൽ മറ്റൊരു കേസും അന്വേഷിച്ചിട്ടില്ല. തട്ടിപ്പ് സി.ബി.ഐ അന്വേഷിക്കണമെന്നാണ് കോൺഗ്രസിന്റെ ആവശ്യം. എന്നാൽ ഈ ആവശ്യം ഹൈക്കോടതി തള്ളിയതാണ്. ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണ് അന്വേഷണം പുരോഗമിക്കുന്നതെന്നും ചൗഹാൻ അവകാശപ്പെട്ടു.

അഴിമതി മറച്ചു വയ്ക്കാൻ കുറ്റക്കാരായ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ചേർന്നു മെനഞ്ഞ ചെകുത്താൻ തന്ത്രമാണ് ബന്ധപ്പെട്ട കൊലപാതകങ്ങൾ. അന്യായമായി സമ്പാദിച്ച പണവും പദവിയും നിലനിർത്താൻ ഏതറ്റം വരെ പോകാനും ഈ കാപാലികർക്ക് മടിയില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. വ്യാപം അഴിമതി കുത്തിപ്പൊക്കുന്നവരെ ഏതോ വിഷം ഉപയോഗിച്ച് കൊലപ്പെടുത്തി, തെളിവ് നശിപ്പിച്ച്, മരണം ആത്മഹത്യയാക്കി മാറ്റുകയാണെന്ന ആരോപണങ്ങളും ഉയർന്നു.

സംഭവത്തെകുറിച്ച് അന്വേഷിക്കാൻ 2004 ൽ പ്രത്യേക അന്വേഷണ സംഘത്തിനു (എസ്.ഐ.ടി.) രൂപം നൽകിയതാണെങ്കിലും ഇനിയും ദുരൂഹതകൾ നീങ്ങുന്നില്ല. ഇന്ത്യയിൽ ഇതുവരെ ഉണ്ടായതിൽ ഏറ്റവും കൂടുതൽ ആളുകൾ പ്രതികളായ അഴിമതിയാണിത്. രാഷ്ട്രീയ നേതാക്കളും സർക്കാർ ഉദ്യോഗസ്ഥരുമുൾപ്പെടെ 3000ൽ പരം പേർക്കെതിരെയാണ് ആരോപണമുയർന്നിരിക്കുന്നത്. 2003 മുതൽ വ്യാപം പരീക്ഷാ ക്രമക്കേട് തുടങ്ങിയെന്നാണ് പ്രത്യേക അന്വേഷണസംഘം പറയുന്നത്. കേസ് അന്വേഷണം കാൽഭാഗമായപ്പോഴേക്കും 2000 പ്രതികളെ കസ്റ്റഡിയിലെടുത്ത കേസിൽ 300 അറസ്റ്റാണ് നടന്നത്. പലരും യുവതി യുവാക്കളാണ്.
രക്ഷിതാക്കൾ ചെയ്ത തെറ്റിന് ശിക്ഷ അനുഭവിക്കുന്നവരും ഉണ്ട്. 400 പ്രതികൾ ഒളിവിലാണ്. മുൻവിദ്യാഭ്യാസമന്ത്രി ലക്ഷ്മികാന്ത് ശർമയും മുതിർന്ന ഉദ്യോഗസ്ഥരും അറസ്റ്റിലായവരിൽ ഉൾപ്പെടുന്നു.

വലിയ വലിയ അഴിമതികളും അപവാദങ്ങളുമൊക്കെ ഈ രാജ്യത്തുണ്ടായിട്ടുണ്ട്. പക്ഷേ, സാമാന്യ മര്യാദയുടെ എല്ലാ സീമകളെയും ലംഘിച്ച് ഒരു ഉളുപ്പുമില്ലാതെ വർഷങ്ങളായി തുടരുന്ന അഴിമതി മധ്യപ്രദേശിലെ വ്യാപത്തിനു സമാനമായി മറ്റൊന്നുണ്ട് എന്നു തോന്നുന്നില്ല. ബിഹാറിലെ കാലിത്തീറ്റ കുംഭകോണം പോലെ പഴയ കോൺഗ്രസ് ഭരണകാലം തൊട്ടേ തുടരുന്നതാണ് വ്യാപം അഴിമതിയും. അന്നൊക്കെ ചെറിയ തോതിലുള്ള കൈക്കൂലിയിലോ ചില സൗജന്യങ്ങളിലോ അത് ഒതുങ്ങി നിന്നിരുന്നു. 2000–ത്തിനു ശേഷമാണ് ഈ അഴിമതിയുടെ വ്യാപ്തി നാണം കെടുത്തുന്നവിധം എല്ലാ സീമകളും ലംഘിച്ചത്. പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനപരീക്ഷകളിലും സർക്കാരുദ്യോഗങ്ങൾക്കുള്ള ടെസ്റ്റുകളിലും ഒരു സങ്കോചവുമില്ലാതെ മുകളിൽ നിന്നുള്ള ഇടപെടലുകളുണ്ടായി. ഇതിന് കുടപിടിച്ചവർ ആരൊക്കെ എന്നറിയുമ്പോഴാണ് ഭരണ സംവിധാനം ഇത്രയും ദുഷിച്ചുപോകുമോ എന്ന് പൊതുസമൂഹം ലജ്ജിച്ചു തലതാഴ്ത്തുന്നത്. ഗവർണർ, മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, അദ്ദേഹത്തിന്റെ ഭാര്യ, മുൻ വിദ്യാഭ്യാസമന്ത്രി, കോൺഗ്രസ് എം.എൽ.എ. ബി.ജെ.പി. മുൻ സംസ്ഥാന അധ്യക്ഷൻ എന്നിവർ ഉൾപ്പെടെ നിരവധി ഉന്നതർ വ്യാപം അഴിമതിയിൽ ആരോപണം നേരിടുന്നെങ്കിലും ആർക്കുമെതിരെ വ്യക്തമായ തെളിവുകളില്ല.

## കോടതി ഇടപെടുന്നു

വ്യാപം സംബന്ധിച്ച പരാതി 2015 ജൂലായ് 9 ന് സുപ്രീംകോടതി കേൾക്കാനിരിക്കെയാണ് അതുവരെ മടിച്ചുനിന്ന മധ്യപ്രദേശ് സർക്കാർ കേസന്വേഷണം സി.ബി.ഐ.ക്ക് വിടാൻ ഹൈക്കോടതിയിൽ അഭ്യർഥന നടത്തിയത്. അതിനു മൂന്നുദിവസം മുമ്പ് ആജ്തക് റിപ്പോർട്ടർ അക്ഷയ്സിങ് സംശയകരമായ സാഹചര്യത്തിൽ മരിച്ചപ്പോഴും കേസ് സി.ബി.ഐ.ക്ക് വിടുന്നതിനെ മുഖ്യമന്ത്രി ചൗഹാൻ അനുകൂലിച്ചിരുന്നില്ല. കേസന്വേഷണം ഹൈക്കോടതി നിയോഗിച്ച എസ്.ഐ.ടി. അന്വേഷിക്കവേ അതിനുമുകളിൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെങ്കിൽ ഹൈക്കോടതി തീരുമാനിക്കണം എന്നതായിരുന്നു മുഖ്യമന്ത്രിയുടെ നിലപാട്. കേ




സ് സി.ബി.ഐ. അന്വേഷണത്തിന് വിട്ടുകൊണ്ട് സുപ്രീംകോടതി ഉത്തരവിടുകയും ചെയ്തു.

വ്യാപം അഴിമതിയുമായുള്ള ഗവർണർ രാംനരേഷ് യാദവിന്റെ ബന്ധം സംബന്ധിച്ച് നിയമ നടപടി സ്വീകരിക്കണമെന്ന അഭ്യർഥനയിന്മേൽ ഗവർണർക്ക് നോട്ടീസ് അയയ്ക്കാനും സുപ്രീം കോടതി ഉത്തരവിട്ടു. അഴിമതിയിൽ ചൗഹാൻ സർക്കാരിനോടൊപ്പം ഗവർണറുമുണ്ട് എന്ന ആരോപണത്തിന്മേലാണ് ഈ നടപടി. ഗവർണർക്ക് ഭരണഘടനാ സംരക്ഷണം നൽകിക്കൊണ്ട് ഹൈക്കോടതി നിയമ നടപടി തടഞ്ഞിരുന്നു. ഗവർണറെ മാറ്റാൻ കേന്ദ്രസർക്കാർ ആലോചിച്ചപ്പോൾ അദ്ദേഹത്തെ ഭോപ്പാലിൽ സംരക്ഷിച്ചുനിർത്തിയത് ശിവരാജ് സിങ് ചൗഹാനാണ്. യു.പി.എ. നിയമിച്ച എല്ലാ ഗവർണർമാരെയും മാറ്റിയപ്പോഴും ഉത്തർപ്രദേശിലെ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ്സുകാരനുമായ രാം നരേഷിന് മാത്രം എങ്ങനെ സംരക്ഷണം ലഭിക്കുന്നു എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. രാംനരേഷ് യാദവിനെ ഗവർണർ സ്ഥാനത്തുനിന്ന് മാറ്റണമെന്ന് കോൺഗ്രസ്സും പിന്നീട് ആവശ്യപ്പെടുകയുണ്ടായി.

വ്യാപം അഴിമതിയെ കൈകാര്യം ചെയ്ത രീതി മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാന്റെ പ്രതിച്ഛായ തകർക്കുക തന്നെ ചെയ്തു. കേന്ദ്രസർക്കാർ എതിരായിട്ടും രാംനരേഷ് യാദവിനെ ഗവർണറായി നിലനിർത്താനുള്ള ചൗഹാന്റെ താൽപര്യം, അഴിമതി പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്നവർക്ക് മതിയായ സംരക്ഷണം നൽകാനുള്ള വിമുഖത, അഴിമതിയുമായി ബന്ധപ്പെട്ടവരുടെ ദുരൂഹമരണങ്ങൾ എന്നിവ ചൗഹാനെ ബലഹീനനാക്കിയിട്ടുണ്ട്.

മധ്യപ്രദേശ് സർക്കാരിനെ പിടിച്ചുലച്ച അഴിമതിയിലെ പ്രതികളും സാക്ഷികളും ജയിലിലും പുറത്തും മരിച്ചുവീഴുന്നതിനിടയിലാണ് കേസ് അന്വേഷിച്ചവരിലേക്കും ദുരൂഹമരണങ്ങളുടെ നീരാളിക്കൈകൾ നീളുന്നത്. മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ, മുൻ ഗവർണർ രാംനരേഷ് യാദവ് എന്നിവരുടെ പേരുകൾ ഉയർന്നതോടെയാണ് വ്യാപം കുംഭകോണം മാധ്യമശ്രദ്ധ പിടിച്ചുപറ്റിയത്. കുംഭകോണം പുറത്തുകൊണ്ടുവരുന്നതിൽ നിർണായക പങ്കുവഹിച്ച പ്രശാന്ത് പാണ്ഡെ പുറത്തുവിട്ട രേഖകൾപ്രകാരം കൃത്രിമരേഖകളുണ്ടാക്കിയ 48 പരീക്ഷാർഥികൾക്ക് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാന്റെ ശിപാർശപ്രകാരവും നിയമനം നൽകിയിട്ടുണ്ട്.

ഏഴു പേരെ മുൻ മധ്യപ്രദേശ് മുഖ്യമന്ത്രിയും ഇപ്പോൾ കേന്ദ്ര ജലവിഭവമന്ത്രിയുമായ ഉമാഭാരതിയും ഒരാളെ ഗവർണറും 21 പേരെ മറ്റു മന്ത്രിമാരുമാണ് ശിപാർശ ചെയ്തിട്ടുള്ളത്. മാർക്ക് ലിസ്റ്റുകൾ തിരുത്തി പരീക്ഷാർഥികളെ പാസാക്കുകയായിരുന്നു റാക്കറ്റ് ചെയ്തിരുന്നത്. അന്വേഷണം നീണ്ടതോടെ വ്യവസായികളുടെയും രാഷ്ട്രീയ നേതാക്കളുടെയും പേരുകൾ പുറത്തുവരാൻ തുടങ്ങി. വ്യാപം അസിസ്റ്റന്റ് പ്രോഗ്രാമർ സി.കെ. മിശ്ര, സിസ്റ്റം അനലിസ്റ്റ് നിതിൻ മഹീന്ദ്ര, കൂട്ടാളി അജയ് സെൻ എന്നിവരാണ് ആദ്യം അറസ്റ്റിലായത്. തുടർന്ന് മുൻ വിദ്യാഭ്യാസമന്ത്രി ലക്ഷ്മികാന്ത് ശർമ, ബി.ജെ.പി അനുയായിയും ഖനന വ്യവസായിയുമായ സുധീർ ശർമ എന്നിവരും അറസ്റ്റിലായി. മകന്റെ പേര് പരാമർശിക്കപ്പെട്ടതോടെ ഗവർണർ രാംനരേഷ് യാദവ് രാജിവെച്ചു. തുടർന്ന് മകൻ ശൈലേഷ് യാദവ് പ്രതിപ്പട്ടികയിൽ വരികയും, ഗവർണർക്കെതിരെ അന്വേഷണം തുടങ്ങുകയും ചെയ്തു. അതിനിടെ ശൈലേഷ് ദുരൂഹനിലയിൽ മരിച്ചു.

2015 ജൂലൈ നാലിനാണ് പത്രപ്രവർത്തകനും ഇന്ത്യ ടുഡെ ഗ്രൂപ്പിന്റെ ആജ് തക്ക് ചാനൽ റിപ്പോർട്ടറുമായ അക്ഷയ് സിങ് ഹൃദയാഘാതം മൂലം മരിക്കുന്നത്. ഔദ്യോഗിക രേഖകളിൽ സ്വാഭാവിക മരണം. നമുക്കിപ്പോൾ ഇതിലെന്ത് ചെയ്യാൻ കഴിയും? ഒരാൾ ഹൃദയാഘാതം മൂലം മരിക്കുമ്പോൾ; മരിക്കേണ്ടതില്ല എന്ന് നാം പറഞ്ഞത് കൊണ്ട് കാര്യമുണ്ടോ? ഏതായാലും അദ്ദേഹം മരിച്ചു കഴിഞ്ഞു. പക്ഷേ ഒന്നുണ്ട്. വ്യാപം അഴിമതിക്കു പിന്നിലെ വമ്പന്മാരെ വെളിച്ചത്തു കൊണ്ടുവരാനുള്ള പരിശ്രമത്തിലായിരുന്നു അദ്ദേഹം. വ്യാപം കേസുമായി ബന്ധപ്പെട്ട് മരണമടഞ്ഞ എല്ലാവരുടെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ ശേഖരിച്ച അക്ഷയ് അവ സമഗ്രമായി പഠിച്ചു വരികയായിരുന്നു. ഇതേ അഴിമതിയുമായി ബന്ധപ്പെട്ട് കൊല്ലപ്പെട്ടതായി സംശയിക്കപ്പെടുന്ന മെഡിക്കൽ വിദ്യാർത്ഥിനി നമ്രദ ദാമറിന്റെ മാതാപിതാക്കളുമായി സംസാരിച്ചു കഴിഞ്ഞ ശേഷമാണ് അക്ഷയ് സിങിന് ഹൃദയാഘാതമുണ്ടായത്. അവിഹിത നിയമനങ്ങൾക്ക് കുപ്രസിദ്ധി നേടിയ എം.ജി.എം മെഡിക്കൽ

കോളേജിലെ മെഡിക്കൽ വിദ്യാർത്ഥിനിയായ നമ്രദ ദാമർ 2012 ജനുവരിയിൽ റെയിൽപ്പാളത്തിൽ മരിച്ചു കിടക്കുന്നതായി കണ്ടെത്തുകയായിരുന്നു. അതെക്കുറിച്ച് അന്വേഷിക്കാനാണ് അക്ഷയ് ആ കുട്ടിയുടെ വീട്ടിലെത്തിയത്. അവിടെവച്ച് തളർന്ന് വീഴുകയായിരുന്നു. ദഹോദ് ജനറൽ ആശുപത്രിയിലാണ് അക്ഷയിന്റെ മൃതദേഹം പോസ്റ്റ് മോർട്ടം നടത്തിയത്. വിസറ വിശദമായി പരിശോധിച്ചാൽ മാത്രമെ യഥാർത്ഥ മരണകാരണം വ്യക്തമാകൂ എന്നാണ് ഡോക്ടർമാരുടെ റിപ്പോർട്ട്. അത് ഫൊറിൻസിക് ലാബിലാണ് നടത്തേണ്ടത്. വിസറയും റിപ്പോർട്ടും പോലീസിനു കൈമാറി. മാധ്യമങ്ങളിൽ ഇത്തരം ദുരൂഹമരണങ്ങളുടെ പരമ്പര തന്നെ സ്ഥാനം പിടിച്ചു കഴിഞ്ഞു. ഈ സംഭവങ്ങൾ മുഴുവൻ വ്യാപവുമായി ബന്ധപ്പെടുത്താനാവില്ല എന്നാണ് മുഖ്യമന്ത്രി ചൗഹാന്റെ നിലപാട്. അത് നമുക്ക് മുഖവിലക്കെടുക്കുകയുമാവാം. പക്ഷേ അപ്പോഴും ഒന്നു ബാക്കിയുണ്ട്. അദ്ദേഹത്തിന്റെ ഓഫീസിൽ തന്നെ എന്തോ ചീഞ്ഞ് നാറുന്നുണ്ട്.

ഇനി ശിവരാജ് സിങ്ങിന്റെ കഥകൂടി അറിയുമ്പോഴാണ് അടിയന്തിരം വെളുത്തു കിട്ടുക. ആരായിരുന്നു ഇദ്ദേഹം? ബി.ജെ.പിയിൽ വോട്ടു പിടിക്കാൻ കഴിയുന്ന വ്യക്തിപ്രഭാവം ഒരാൾക്കേയുള്ളൂ എന്ന് ബി.ജെ.പിയും ആർ.എസ്സ്.എസ്സുമൊക്കെ പാടി നടന്ന കാലത്ത്, അതിനെ പുച്ഛിച്ചു തള്ളിയ യഥാർത്ഥ സിംഹമാണദ്ദേഹം. മധ്യപ്രദേശിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മോഡിയൊന്നും വേണ്ട; താൻ തന്നെ ധാരാളം മതി എന്നായിരുന്നു ശിവരാജ് സിങ് ചൗഹാന്റെ നിലപാട്. തിരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ അത് ശരിയെന്ന് തെളിയുകയും ചെയ്തു. ആ ചൗഹാനാണ് വ്യാപം കൂട്ടക്കൊലയ്ക്ക് പിന്നിൽ എന്ന് ആക്ഷേപം ഉയരുമ്പോഴും അദ്ദേഹത്തിന് അതൊന്നും അത്രക്കങ്ങ് ഏശിയിട്ടില്ല. ഇപ്പോഴും വലിയ കുഴപ്പമില്ലാതെ 'എല്ലാം ഇപ്പോ ശരിയാക്കാം' എന്ന മട്ടിലാണദ്ദേഹം.

വ്യാപം അഴിമതി, ബന്ധപ്പെട്ട അന്വേഷണങ്ങൾ, ദുരൂഹ മരണങ്ങൾ, അരോപിതരായ വി.ഐ.പികളുടെ പട്ടിക, ഒക്കെ പരിശോധിച്ചാൽ ഒരുകാര്യം ഖണ്ഡിതമായി പറയാം, മനുഷ്യമനസുകൾ ഇരുൾ വീണ് മൂടപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ആ ഇരുട്ടിനെ വെളിച്ചമാക്കിയാണ് നാം വലിയ അഹങ്കാരത്തോടെ തീവെട്ടികൾക്ക് പിന്നാലെ നടക്കുന്നത്. സമകാലീന സമൂഹവും കാലവും എത്രയേറെ തലതിരിഞ്ഞതും ഷണ്ഡീകരിക്കപ്പെട്ടതുമാണ് എന്ന് ഭാവി തലമുറയ്ക്ക് തിരിച്ചറിയാൻ കൂടുതൽ തെളിവുകളൊന്നും ആവശ്യമില്ല. വ്യാപം അഴിമതിയുടെ വിശദാംശങ്ങൾ മാത്രം മതിയാകും. ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ ഒന്നൊന്നായി പുറത്തുവരുമ്പോഴും ഇത്രയേറെ നിസ്സംഗരാകാൻ നമുക്കല്ലാതെ മറ്റാർക്കു കഴിയും? വ്യാപം നമുക്ക് അങ്ങേയറ്റം ആസ്വാദ്യമായ ഒരു വിഭവമാണ്. നമ്മൾ, ദൃശ്യമാധ്യമങ്ങളും അച്ചടി മാധ്യമങ്ങളുമൊക്കെ വെച്ചു വിളമ്പുകയാണ്. അതിലപ്പുറം അതിനൊരു പ്രാധാന്യവും നാം കല്പിക്കുന്നില്ല. അവിടെ രക്തസാക്ഷിയായ ഒരു മാധ്യമ പ്രവർത്തകന്റെ സ്മരണകൾ നമ്മെ അല്പം പോലും അലോസരപ്പെടുത്തുന്നുമില്ല.



വ്യക്തികളോ ഗ്രൂപ്പുകളോ ഭരണസ്വാധീനം ഉപയോഗിച്ചും ഉദ്യോഗസ്ഥരെ വിലക്കെടുത്തുമൊക്കെ നടത്തുന്ന കോടികളുടെ വെട്ടിപ്പിനെയാണ് നാം അഴിമതി എന്ന ഓമനപ്പേരിട്ട് വിളിച്ചിരുന്നത്.
പക്ഷേ വ്യാപത്തിലേക്കടുക്കുമ്പോൾ അതിന്റെ വ്യാപ്തിയും സ്വാഭാവുമൊക്കെ ജനകീയവൽക്കരിക്കപ്പെടുന്നു. ഇതേത് കാലത്ത് തുടങ്ങി എന്ന് ആർക്കും നിശ്ചയമില്ല. 2000 വരെ വ്യാപം അഴിമതിയെകുറിച്ച് അടക്കിപ്പിടിച്ച സംസാരങ്ങൾ, ചില പത്രവാർത്തകൾ, ചെറിയ ആരോപണങ്ങൾ ഒക്കെ നിലനിന്നിരുന്നു. എന്നാൽ 2000 മാണ്ടോടെ വ്യാപം അഴിമതിയുടെ ദുർഗന്ധം രാജ്യത്തിന്റെ അതിരുകളോളം എത്തി. മധ്യപ്രദേശ് സർക്കാരിനേയും ഭരണകൂടത്തെയും മാത്രമല്ല അങ്ങു ഡൽഹിയിലെ അധികാരത്തിന്റെ ഇടനാഴികളെ വരെ വ്യാപം അഴിമതിയുടെ ദുർഗന്ധം വീർപ്പുമുട്ടിച്ചു.

## കൊലപാതകങ്ങളും പണാധിപത്യവും

ഈ കാലത്തിന്റെ സവിശേഷതകളും ഓർമ്മയിലുണ്ടാവണം. 1991 ൽ നവ ഉദാരവൽക്കരണ സാമ്പത്തിക സാമൂഹ്യക്രമങ്ങൾ യാഥാർത്ഥ്യമായിട്ട് ഒരു പതിറ്റാണ്ട് കഴിഞ്ഞിരുന്നു. അപ്പോഴേയ്ക്കും അഴിമതിയുടെ രൂപഭാവങ്ങളിലും മാറ്റം സംഭവിച്ചിരുന്നു. അഴിച്ചുവിട്ട യാഗാശ്വത്തെ പോലെ ചങ്ങാത്ത മുതലാളിത്തം സാധാരണക്കാരന്റെ ജീവിതത്തെ കീഴടക്കിക്കഴിഞ്ഞു. മൂലധന ശക്തികൾ, ഭരണാധികാരികൾ, രാഷ്ട്രീയ നേതൃത്വം, ഉദ്യോഗസ്ഥപ്രഭുത്വം, പോലീസ്, ഇവയൊക്കെ ഒരുമിച്ചണിനിരന്ന് ആയിരക്കണക്കിന് കോടികൾ ഒന്നിച്ച് കൊ




ളളയടിക്കുന്നതിലേക്ക് അഴിമതിയുടെ സ്വഭാവം മാറി. ഇന്ന് ആരോപണവിധേയരായ രാഷ്ട്രീയ നേതൃത്വത്തെ പരിശോധിച്ചാൽ നമുക്കത് വ്യക്തമാകും. മധ്യപ്രദേശിൽ യു.പി.എയുടെ പ്രതിനിധിയായി വന്ന ഗവർണർ, രാംനരേഷ് യാദവ്, ബി.ജെ.പി മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ, ഭാര്യ സുധാസിങ്, വിദ്യാഭ്യാസ മന്ത്രി ലക്ഷ്മികാന്ത ശർമ്മ, കോൺഗ്രസ് എം.എൽ.എ മീർസിംഗ് ബൂരിയ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റായിരുന്ന പ്രഭാത്ഝാ എന്നീ വി.ഐ.പികളിൽ തുടങ്ങി ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥർ, ഇടനിലക്കാർ എന്നിങ്ങനെ താഴെത്തട്ടിലെ ഏജന്റുമാർ വരെ ആയിരങ്ങളാണ് വ്യാപം അഴിമതിക്ക് പിന്നിൽ, മാഫിയ റാക്കറ്റ് ആയി പ്രവർത്തിച്ചത്. അക്ഷരാർത്ഥത്തിൽ അഴിമതിയെ ജനാധിപത്യവൽക്കരിക്കുകയും, വികേന്ദ്രീകരിക്കുകയും ചെയ്യാനുള്ള സാദ്ധ്യതയുടെ ഉത്തമ ഉദാഹരണം. ഇത്രയേറേ ഭീകരമല്ലെങ്കിലും അഴിമതിയെ ജനാധിപത്യവൽക്കരിച്ച മറ്റൊന്ന് ബീഹാറിലെ കാലിത്തീറ്റ കുംഭകോണമായിരുന്നു. അതിന് നേതൃത്വം വഹിച്ച ലാലുപ്രസാദ് യാദവ് അഴിമതിപ്പണത്തിന്റെ പങ്ക് താഴെതട്ടുകാർ വരെയുള്ളവർക്ക് ജനാധിപത്യപരമായി വീതിച്ചിരുന്നുവത്രേ. രാഷ്ട്രീയ പാർട്ടികൾക്കൊക്കെ ഈ വകയിലുള്ള മിച്ചത്തിൽ നിന്ന് അദ്ദേഹം പങ്ക് അനുവദിച്ചിരുന്നതായി പറയപ്പെടുന്നു. ചില കക്ഷികൾ തുക കൈപ്പറ്റാൻ വിസമ്മതിച്ചപ്പോൾ, സന്തോഷപൂർവ്വം ഏറ്റുവാങ്ങി പുട്ടടിച്ചവരാണ് രാഷ്ട്രീയപാർട്ടികളിലേറെയും. ഇതുവരെ നാം വിചാരിച്ചു അതാണ് ഏറ്റവും വലിയ അഴിമതി കഥ എന്ന്.

പക്ഷെ, ഇവിടെ ഇതാ അതിനെയും നിഷ്പ്രഭമാക്കുന്ന, സിനിമാകഥകളെ പോലും വെല്ലുന്ന, കൊല്ലും കൊലയും പണാധിപത്യവും ചേർന്ന് ധാർമ്മികതയുടെ എല്ലാ അതിർത്തികളും ലംഘിച്ച് അഴിമതിയുടെ ദുർഗന്ധം പടർത്തിയ, സ്വതന്ത്ര ഇന്ത്യ ലജ്ജിച്ചു തല താഴ്ത്തിനിൽക്കുന്ന വമ്പൻ കുംഭകോണം

## ഇരുൾ മൂടുന്ന കാലം

യു.പി.എയുടെ അഴിമതിക്കെതിരായ പോരാട്ട നായകർ എന്ന നിലയിലാണല്ലോ നരേന്ദ്രമോഡി സർക്കാറിന്റെ അധികാരാരോഹണം. അഴിമതിയിൽ കോൺഗ്രസും ബി.ജെ.പിയും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്ന് തെളിയിക്കുന്നതായി വ്യാപം അഴിമതിക്കേസ്. വിചിത്രമായ വസ്തുത, ഏത് സമയവും ശണ്ഠ കൂടുന്ന ഇവർ തമ്മിൽ അഴിമതികാര്യത്തിലുള്ള ചങ്ങാത്തമാണ്. യു.പി.എ സർക്കാരിന്റെ കാലത്ത് അവരുടെ പല്ലുകൊഴിഞ്ഞ കിഴവന്മാരെ വിവിധ സംസ്ഥാനങ്ങളിൽ ഗവർണർമാരായി നിയമിച്ച കൂട്ടത്തിലാണ് നരേഷ് യാദവിനെ മധ്യപ്രദേശിൽ നിയമിച്ചത്. മോഡി അധികാരത്തിലെത്തിയപ്പോൾ ആദ്യമായി സ്വീകരിച്ച നടപടികളിലൊന്ന് ഇത്തരം യു.പി.എ. ഗവർണർമാരെയെല്ലാം മാലയും ബൊക്കയും നൽകി തിരിച്ചയക്കലായിരുന്നു. കടിച്ചു തൂങ്ങാൻ ശ്രമിച്ചവരെയൊക്കെ സ്ഥലം മാറ്റി. പക്ഷേ അപ്പോഴും നരേഷ് യാദവിന് സ്ഥാനചലനം സംഭവിച്ചില്ല. വ്യാപം അഴിമതിയിൽ സ്വന്തം മകൻ മരിച്ചിട്ടുപോലും തികഞ്ഞ സൗഹൃദത്തിലായിരുന്നു മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാനും ഗവർണർ യാദവും തമ്മിൽ. അതുകൊണ്ട് അദ്ദേഹം എല്ലാവിധ സുഖസമൃദ്ധിയോടും കൂടി മധ്യപ്രദേശിലെ തന്റെ ഔദ്യോഗിക വസതിയിൽ സസുഖം വാണു. ഇപ്പോൾ കോൺഗ്രസ് വലിയ വായിൽ ഒച്ച വെച്ചതു കൊണ്ടോ ഒട്ടകപക്ഷിയെപ്പോലെ ഇതൊന്നും കണ്ടില്ലെന്ന നിലയിൽ തല മണ്ണിൽ പൂഴ്ത്തിയതു കൊണ്ടോ പ്രയോജനമില്ല.

ഇനി ഇതൊക്കെ മധ്യപ്രദേശിൽ മാത്രം അരങ്ങേറുന്ന കൊള്ളരുതായ്മകളായി എഴുതിത്തള്ളാം എന്ന് ആരും ധരിച്ചു വശാകേണ്ടതില്ല. ഇതിന്റെ ധാരാളം സൂക്ഷ്മ പതിപ്പുകൾ നമുക്കിടയിൽ കാലാകാലമായി നടക്കുന്നുണ്ട്. അതു മറ്റൊരു വ്യാപം ആയി വളരുന്നത് എപ്പോഴായിരിക്കും എന്നേ അറിയേണ്ടതുള്ളൂ. ഇത്തരം ഇരുട്ടുകൾ നമുക്കിടയിലും പഴക്കമേറി വരികയാണ്. ആ ഇരുട്ട് തന്നെയാണ് വെളിച്ചം എന്ന് കരുതി ജീവിക്കുന്നതിന് നാം ഇന്ന് മത്സരിക്കുകയാണ്. വെളിച്ചം ദുഃഖമാണുണ്ണീ, തമസല്ലോ സുഖപ്രദം.

*കാലിക്കറ്റ് പ്രസ് ക്ലബ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ*
*ഇ-മെയിൽ: abejakob@gmail.com*



Varghese Koshy

GO Home IndianMedia

# Where is the media heading?

Times are such that today even journalists admit that the mainstream media are on its deathbed! However, we wouldn't agree if someone were to say that journalism is dead or that it's dying. Journalism is in fact thriving, though its contours have changed (for the better, should one say?).

But the pertinent question here is why is death staring at the mainstream media. Who is to blame, that is if someone ought to be blamed. As journalists we are required to answer these basic questions, for we are duty-bound to ask questions and also find answers to the questions we ask.

It's easy to blame the management of newspapers and TV channels for the rot that has set in today's media. However, 1 feel, apportioning blame on the management is to a great




Those at the helm in Indian newspapers are often chosen tor their policing capabilities and not because they are good journalists. They are seldom good writers, or good at rewriting or editing, nor do they have imagination or understand what news is. I have often felt that such people should be recruited to the police force as their place is not the newspaper office, where sensitive, intelligent and knowledgeable men and women should sit.

extent a convenient mode of escapism.

Why do I say that? To answer this, we would have to ask a number of questions first.

Why did Indian journalists covering the Nepal earthquake behave so shamelessly? Why do journalists in this country have to be flag-waving jingoists like our politicians? Is it our job to please the powers that be, even if it means being ridiculed?

The Indian government was quick to react with relief efforts sending in military planes with supplies and men to help just after the devastating quake struck our tiny northern neighbour on April 25. According to Times of India, our country had over 700 personnel conducting search-and-rescue efforts on the ground, followed by China (168), Bangladesh (140) and the US (120).

Hordes of Indian journalist too landed in that country apparently with the aim of doing a thorough job. However, the job turned out to be too thorough for comfort that the non-stop coverage was criticized for being "insensitive" and often barbaric. TV reporters were accused of "shoving microphones at suffering victims," according to Times of India. As per that newspaper, the reporters even "intruded into family cremations and questioned grieving relatives."

Such rude and impervious behaviour naturally drew criticism. Facebook and Twitter had the rude message #GoHomeIndianMedia trending on them. Derisive jokes and tweets were the order of the day. And it was not Nepalese alone who cried horse, bashing the insensitive and jingoistic Indian media, people in this side of the border too joined in, not finding the coverage amusing or charitable.

"Your media and media personnel are acting like they are shooting some kind of family serials," Nepalese writer Sunita Shakya wrote in an open letter to the Indian media. "If your media person can reach the places where the relief supplies have not reached at this time of crisis, can't they take a first- aid kit or some food supplies with them as well?" he asked.

What prompted such over enthusiasm? Competition, of course. The TV crew of all channels were keen to be seen as the first to reach certain places, the first to cover a certain news, etc. And they were reportedly battling it out with the 'others' to be the first among the lot to film the rescue operations undertaken by the Indian Army. The Hindu reported that one TV reporter had told its correspondent that "too many journalists had kept making trips on the Army chopper". And according to this guy, "I also got the sense last week that because of all this coverage, many Nepalese had started feeling that India is acting like some sort of a big brother."




The media was accused of being triumphalist, as if they were there right behind a conquering Army. Prior to this it was only the Western media that had been accused of such conceited behaviour "while covering events in developing countries".

Here I come back to my earlier questions: why did the media behave as




it did? Surely no management would have urged these reporters to behave as they did in Nepal. However, the “demanding” TRP-driven editor would have made their lives miserable had they not behaved as they did. These guys sitting in their swanky offices in big cities are there to bring in advertisement revenue to the company they work in. He/she is not worried or sensitive about what happens on the ground as long as the newspaper sells or the TRP rating of his/her channel goes up. For this his/her company pays him/ her cartons of money (often much more than all his staff put together). Hence, they more often than not behave like the supervisors in old tea plantations in British India. Yes, he/she is often just a glorified “mastry”.

Those at the helm in Indian newspapers are often chosen for their policing capabilities and not because they are good journalists. They are seldom good writers, or good at rewriting or editing, nor do they have imagination or understand what news is. I have often felt that such people should be recruited to the police force as their place is not the newspaper office, where sensitive, intelligent and knowledgeable men and women should sit.

However, not all is lost. The ‘mastrys’ in this profession and the media houses they represent would soon find themselves in the dustbins of history. A new kind of journalism is taking over. The social media is powerful enough to bring you news and views from any part of the world at any time of the day. Hence, people are going to prefer them to the antediluvian outfits pedalling archaic journalism. And journalism students should be happy that they can become true journalists on their own without having to depend on media houses. Venturing out would however require a lot of guts and gumption. Yes, it’s a brave new world.

*Varghese Koshy (Independent Media Professional)*
*Former Asst. Editor - Hindu, Times of India, Indian Express*
*E-mail: varghese.koshy@gmail.com*



Roy Mathew

# Power of direct communication Narendra Modi's victory



The use of one to one communication contributed significantly to Prime Minister Narendra Modi's election campaign and image building.

1996-ൽ പി.എൻ.എസിനെ ന്യൂ കാലിഫോർണിയ മീഡിയ എന്നു പേരുമാറ്റി. കാലിഫോർണിയ സംസ്ഥാനത്തെ വിവിധ വംശീയതയിൽ പെടുന്ന ജനങ്ങൾക്ക് വാർത്ത കൈമാറുന്നതിനും വാർത്ത അറിയുന്നതിനും വഴിയൊരുക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. വിവിധ രാജ്യക്കാർ നടത്തുന്ന മാധ്യമങ്ങളിലെ പിന്നണിക്കാർക്ക് പരിശീലനം നൽകുകയും മറ്റുമായിരുന്നു തുടക്കം. പിന്നീട് അവാർഡുകളിലേക്ക് തിരിഞ്ഞു. 'എത്നിക് പുലിറ്റ്സർ' എന്ന പേരിൽ അറിയപ്പെട്ട ഈ അവാർഡുകൾ വിവിധ വംശീയതകളിൽപെടുന്നവർക്കിടയിൽ പ്രചുരപ്രചാരം നേടി. വിവിധ വർഗക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സർവേകളും മറ്റും നടത്തുകയും അതിന്റെ ഫലങ്ങൾ കാലിഫോർണിയ സംസ്ഥാനത്തിന്റെ അധികാരികൾക്കടുത്ത് എത്തിക്കുകയും ചെയ്തതോടെ ജനങ്ങൾക്കിടയിലും എൻ.സി.എം. ശ്രദ്ധനേടി.

സാൻഫ്രാൻസിസ്കോ ആസ്ഥാനമായ എൻ.സി.എം. ന്യൂ അമേരിക്കാ മീഡിയ എന്നു പേരുമാറ്റുന്നത് 2005ലാണ്. ഇതോടെ കാലിഫോർണിയയുടെ അതിർത്തി വിട്ട് അമേരിക്ക മൊത്തമായി ഏജൻസിയുടെ പ്രവർത്തനം. രാജ്യമെമ്പാടുമുള്ള വിദേശ പാരമ്പര്യമുള്ള ജനതയുടെ മാധ്യമ ശൃംഖലയായി ഇതു വളർന്നത് ഇങ്ങനെയാണ്. ഇന്ന് അമേരിക്കയിലെ ഏറ്റവും വൈവിധ്യമുള്ള മാധ്യമ സംഘടനയാണ് എൻ.എ.എം.

ഓരോ വിഭാഗത്തിലുംപെടുന്ന ജനതയുടെ ഇടയിലേക്ക് വാർത്തയും വിവരങ്ങളും എത്തിക്കുന്നതിന് ഏറ്റവും എളുപ്പമാർഗമായാണ് എൻ.എ.എമ്മിനെ കാണുന്നത്. മാർക്കറ്റിങ്ങ് കമ്പനികളും ഇതു മുതലാക്കുന്നു. പരസ്യങ്ങളും മറ്റും ഓരോ വിഭാഗം തിരിച്ച് എത്തിക്കാൻ ഇതു വഴി സാധിക്കും. സർക്കാർ സംവിധാനങ്ങളും ഈ ഏജൻസിയെ പലവിധത്തിൽ ആശ്രയിക്കുന്നു. ഓരോ സമൂഹത്തിനും വേണ്ടതെന്തെന്ന് അറിഞ്ഞ് പ്രവർത്തിക്കാനാണ് അധികൃതർ എൻ.എ.എമ്മിനെ ഉപയോഗിക്കുന്നത്.

വംശീയ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് പരിശീലനം, അവാർഡ്-ഫെല്ലോഷിപ്പ് നൽകൽ, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ എന്നിങ്ങനെ നീളുന്നു എൻ.എ.എമ്മിന്റെ പ്രവർത്തനങ്ങൾ. ഇവിടെ ഓരോ വംശീയതയെ പ്രതിനിധീകരിക്കുന്നവരും ന്യൂനപക്ഷമാണെന്നു പറയാമെങ്കിലും ഇതിന്റെ മാധ്യമ ശക്തി അപാരമാണ്. അമേരിക്കയിൽ ഓരോ സംസ്ഥാനത്തെയും കണക്കെടുത്താൽ നാലു മുതിർന്നവരിൽ ഒരാൾ വാർത്തയറിയാനും വിനോദത്തിനും തന്റെ വംശീയ താൽപര്യത്തിലുള്ള മാധ്യമങ്ങളെയാണ് ആശ്രയിക്കുന്നത്. ഓരോ സമൂഹത്തിനും വേണ്ടതെന്തെന്ന് അറിയാവുന്നത് ആ സമൂഹത്തിന്റെ അംഗങ്ങൾക്കു



# NEW AMERICA MEDIA

മാത്രമായതിനാൽ ഇത്തരം മാധ്യമങ്ങൾക്ക് പ്രസക്തി ഏറിവരികയാണ്. മാധ്യമ ശക്തി വർധിക്കുന്നുവെന്ന് പറയുന്നെങ്കിലും അമേരിക്കയിൽ ഇത് ഹൈപ്പർ ലോക്കൽ എന്ന അവസ്ഥയിലേക്കാണ് കേന്ദ്രീകരിക്കുന്നത്. അതായത് തികച്ചും പ്രാദേശികമായ വിവരങ്ങൾ മാത്രം പ്രാദേശിക പത്രങ്ങളിലൂടെ ഇത്തരം സമൂഹങ്ങൾക്കു നൽകപ്പെടുന്നു. ഭൂരിപക്ഷവും ഇതിൽ സംതൃപ്തരാണ്. എന്റെ ചുറ്റുവട്ടം നടക്കുന്ന കാര്യം മാത്രം എനിക്കറിഞ്ഞാൽ മതി എന്നതാണ് മാനസികാവസ്ഥ. അതു കുറേക്കൂടി പ്രാദേശികവൽകരിക്കുകയാണ് എത്നിക് മീഡിയ ചെയ്യുന്നത്. തന്റെ തനതു സമുദായത്തിലെ വിവരങ്ങൾ മാത്രം തനിക്ക് അറിഞ്ഞാൽ മതി എന്ന അവസ്ഥ.

തികച്ചും പ്രാദേശികമായ ആയിരക്കണക്കിനു പത്രങ്ങൾ ഉള്ള രാജ്യത്ത് വംശീയ പ്രത്യേകതയിൽ മാത്രം ഒതുങ്ങുന്ന മൂവായിരത്തിലേറെ മാധ്യമങ്ങൾ വേറെയുണ്ടെന്നുള്ളത് ആശ്ചര്യപ്പെടുത്തുന്ന അറിവായിരുന്നു. ഇതിന്റെ വൈവിധ്യമാണ് അത്ഭുതപ്പെടുത്തുന്ന മറ്റൊരു കാര്യം. ന്യൂ അമേരിക്കാ മീഡിയയുടെ ഡയറക്ടറിയിലെ മാധ്യമങ്ങളുടെ പേരുകൾ നോക്കിയാൽ നാം അമ്പരപ്പെടും. മൂവായിരത്തിലേറെ ടൈറ്റിലുകളിൽ നിന്ന് ഏതാനും സാമ്പിൾ ഇതാ: അഫ്ഗാനിസ്ഥാൻ ടുഡേ ടിവി, ആഫ്രിക്കൻ എബ്രോഡ്, അറബ് അമേരിക്കൻ ന്യൂസ്, അലെഫ് ജ്യൂവിഷ് മാഗസിൻ, അമേരിക്കൻ ഇന്ത്യൻ ആർട്ട് മാഗസിൻ, അമൃത്സർ ടൈംസ്, ബംഗ്ല പത്രിക, ബ്ലാക്ക് ഡയസ്പോറ മാഗസിൻ, കരീബിയൻ ലൈഫ്, ഡിസേബിൾഡ് ആൻഡ് പ്രൗഡ്, ഫിലിപ്പിനോ പ്രസ്, ഗുജറാത്ത് ടൈംസ്, ഐറിഷ് എമിഗ്രന്റ്, ഹിന്ദു ടൈംസ്, ഇസ്ലാം ടുഡേ, മൈനോരിറ്റി കൺസ്ട്രക്ഷൻ ന്യൂസ്, നേപ്പാളി പോസ്റ്റ്, പാകിസ്താൻ ക്രിസ്ത്യൻ പോസ്റ്റ്, വാഷിംഗ്ടൺ ഇറാനിയൻസ് എന്നിങ്ങനെ നീളുന്നു ഈ നിര. ക്രിസ്ത്യനും മുസ്ലീമും ജൂതനും ഹിന്ദുവുമൊക്കെ തികച്ചും സഹവർത്തിത്വ ത്തോടെ കഴിയുന്ന ഏക ഇടം ഒരുപക്ഷേ ന്യൂ അമേരിക്കാ മീഡിയയുടെ ഈ ഡയറക്ടറിയായിരിക്കും.

മൊത്തം ഏതൊക്കെ തരത്തിൽ പെടുന്നവരുടെ പ്രാതിനിധ്യം എൻ.എ.എമ്മിൽ ഉണ്ടെന്നുള്ള കണക്കെടുപ്പ് രസകരമായിരിക്കും. വിവിധ രാജ്യങ്ങളും വംശീയതയുമടക്കം 63 വിഭാഗത്തിൽപ്പെട്ടവരുടെ മാധ്യമങ്ങളാണ് എൻ.എ.എമ്മിന്റെ ശൃംഖലയിലുള്ളത്. 54 ഭാഷകളിലെ പ്രസിദ്ധീകരണങ്ങളാണ് ഇവിടെ കൈകോർക്കുന്നത്. ഇതിൽ സാധാരണ മലയാളികൾ കേൾക്കാൻ പോലുമിടയില്ലാത്ത ക്രിയോൾ, എച്ച്മോങ്ങ്, മിക്സ്ടെക്, തഗലോഗ് തുടങ്ങിയ ഭാഷകളും പെടുന്നു. നമ്മുടെ മലയാളവുമുണ്ട്. കൈരളി, ലൈറ്റ് ഓഫ് എഷ്യ ടിവി, മലയാളം പത്രം, ദ് അമേരിക്കൻ മലയാളി എന്നിവയാണ് എൻ.എ.എമ്മിൽ അംഗങ്ങളായ മലയാള മാധ്യമങ്ങൾ.

എൻ.എ.എമ്മിന്റെ സേവനങ്ങൾ പലതരത്തിൽ ഔദ്യോഗിക ഏജൻസികളും ഉപയോഗിക്കുന്നുണ്ട്. 2010ലെ സെൻസസിന്റെ സമയത്ത് വിവിധ വംശീയതയിൽ പെടുന്നവർക്കിടയിലേക്കിറങ്ങി പ്രവർത്തിക്കാൻ അധികൃതർ ഉപയോഗിച്ചത് ഈ സംഘടനയെയാണ്. 13 നഗരങ്ങളിലായി വിവിധ വംശീയതയിൽ പെടുന്നവരുടെ നേതാക്കളെയും സെൻസസ് അധികൃതരെയും ഇവർ ഒന്നിച്ചുകൂട്ടി. ആയിരത്തിലധികം സംഘടനകളുടെയും മാധ്യമങ്ങളുടെയും പ്രതിനിധികളാണ് യോഗത്തിനെത്തിയത്. 'അമേരിക്കയിൽ ഇത്രമാത്രം വൈവിധ്യ മാധ്യമങ്ങളുണ്ടെന്ന് കരുതിയതേയില്ല' എന്നായിരുന്നു യോഗങ്ങൾ കഴിഞ്ഞപ്പോൾ സെൻസസ് അസോസിയേറ്റ് ഡയറക്ടർ എ.ജെ. ജാക്സണിന്റെ പ്രതികരണം. എൻ.എ.എമ്മിന്റെ അംഗങ്ങളായ മാധ്യമങ്ങളെല്ലാം തങ്ങളുടെ സമൂഹത്തിനിടയിൽ സെൻസസിന്റെ വിവരങ്ങൾ എത്തിച്ചു.

അമേരിക്കയിലെ പുതിയ ആരോഗ്യ സംരക്ഷണ നിയമത്തെ പറ്റി കുടിയേറ്റക്കാരിലും വിവിധ സമൂഹങ്ങളിലും വിവരമെത്തിക്കാൻ അധികതൃതർ സമീപിച്ചതും എൻ.എ.എമിനെയായിരുന്നു. ഏജൻസിയുടെ പഠനത്തിൽ നിന്ന് മനസിലായത് നിയമത്തെപ്പറ്റി വിവിധ സമുഹങ്ങൾക്കിടയിൽ അവബോധമില്ലെന്നാണ്. തുടർന്ന് നടത്തിയ ബോധവത്കരണം വളരെ ശ്രമകരമായൊരു ദൗത്യമായിരുന്നെന്ന് എൻ.എ.എമ്മിന്റെ ഹെൽത്ത് എഡിറ്റർ ഇന്ത്യൻ വംശജയായ വിജി സുന്ദരം പറഞ്ഞു. ഏതെങ്കിലും ഔദ്യോഗിക ഏജൻസി വിചാരിച്ചാൽ വിവിധ സമുഹങ്ങൾക്കിടയിലേക്ക് ഇത്രയും ആഴത്തിൽ ഇറങ്ങിച്ചെല്ലാനാവില്ല എന്നത് അധികതൃതരും സമ്മതിച്ചു.

സമൂഹത്തിന്റെ ചിന്തയിൽ തന്നെ മാറ്റം വരുത്തുന്ന പലതരം പ്രചാരണ പ്രവർത്തനങ്ങളും എൻ.എ.എം. സംഘടിപ്പിക്കുന്നുണ്ട്. സ്വവർഗപ്രേമികൾ, ഉഭയലിംഗക്കാർ, ട്രാൻസ്ജെൻഡറുകൾ (എൽ.ജി.ബി.ടി)



എന്നിവർ കുടിയേറ്റക്കാരിലും അത്ര സ്വീകാര്യരല്ല എന്നതാണു സത്യം. എന്നാൽ, വ്യക്തി സ്വാതന്ത്ര്യത്തിന് അതീവ പ്രാധാന്യം നൽകുന്ന രാജ്യമായതിനാൽ അമേരിക്കയിലെ കുടിയേറ്റക്കാർക്കിടയിലും വേറിട്ട ലൈംഗിക ചിന്തയുള്ളവരുടെ സാന്നിധ്യമുണ്ട്. ഇത് ആ സമൂഹം അത്ര അംഗീകരിക്കുന്നുമില്ല. ഈ സാഹചര്യത്തിലാണ് സ്വവർഗ വിവാഹം സംബന്ധിച്ച് കുടിയേറ്റക്കാരിലും വംശീയ ന്യൂനപക്ഷങ്ങളിലുമുള്ള സംശയങ്ങളെ അകറ്റുക എന്ന ഉദ്ദേശ്യത്തോടെ എൽ.ജി.ബി.ടി. പ്രചാരകർ എൻ.എ.എമ്മിനെ സമീപിച്ചത്. വളരെ വിശാലമായ പൊതുപ്രചാരണ പരിപാടികളാണ് ഇവർ നടത്തിയത്. തുടർന്ന് ഏഷ്യൻ, ഹിസ്പാനിക്, ആഫ്രിക്കൻ അമേരിക്കൻ സമൂഹങ്ങളിൽ പെടുന്ന 12 സ്വവർഗജണകളുടെയും അവരുടെ കുടുംബങ്ങളുടെയും കഥ തയാറാക്കി. 102 അച്ചടി പ്രസിദ്ധീകരണങ്ങളിലും 51 ഓൺലൈൻ പ്രസിദ്ധീകരണങ്ങളിലും 37 റേഡിയോകളിലുമാണ് ഈ കഥകൾ അവതരിപ്പിച്ചത്. ഈ സമൂഹങ്ങളിലൊന്നാകെ അവ സ്വീകരിക്കപ്പെട്ടു വെന്നതിനു തെളിവായി പബ്ലിക് പോളിസി കമ്യൂണി ക്കേഷൻ അവാർഡും എൻ.എ.എമ്മിനെ തേടിയെത്തി.

കാലിഫോർണിയയിലെ യുവാക്കൾ വാഹനങ്ങൾ നേരാംവണ്ണം കൈകാര്യം ചെയ്യുന്നില്ലെന്നു തോന്നി യപ്പോൾ ബ്യൂറോ ഓഫ് ഓട്ടമോട്ടീവ് സഹായത്തിനു വേണ്ടി സമീപിച്ചതും എൻ.എ.എമ്മിനെയായിരുന്നു. തങ്ങളുടെ ശൃംഖലയിലെ മാധ്യമങ്ങൾ വഴി ബോധ വത്കരണം നടത്താനായിരുന്നു ഏജൻസിയുടെ തീരുമാനം. വാഹനങ്ങൾ ശരിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അങ്ങനെ ചെയ്യാതിരുന്നാൽ പരിസ് ഥിതിക്കും മനുഷ്യാരോഗ്യത്തിനും വരുന്ന തിരിച്ചടികളും പ്രതിഫലിപ്പിക്കുന്നതായിരുന്നു അവരുടെ കാമ്പയിൻ. വിവിധ ഭാഷകളിലെയും സമൂഹങ്ങളിലെയും 30 മാധ്യ മങ്ങളിലായി നടത്തിയ പ്രചാരണം 20 ലക്ഷത്തി ലധികം യുവാക്കളിലാണ് ചെന്നെത്തിയത്.

എൻ.എ.എമ്മിന്റെ വെബ്സൈറ്റ് http://newamericamedia.org/ വൈവിധ്യമാർന്ന സമൂഹങ്ങളിൽ നിന്നുള്ള വാർത്തകളാണ് അവതരിപ്പിക്കുന്നത്. ഓരോ വംശീയ വിഭാഗത്തിനും വേണ്ട വാർത്തകൾ ഈ സൈറ്റിൽ പ്രത്യേകം തെരഞ്ഞെടുക്കാവുന്ന വിധമാണ് നൽകിയിരിക്കുന്നത്.

കാലിഫോർണിയ സംസ്ഥാനത്തെ നാലിലൊന്നു പേരും കുടിയേറ്റക്കാരാണെന്നതിനാലാണ് ആസ്ഥാനമായ സാൻഫ്രാൻസിസ്കോയുടെ പ്രാധാന്യമെന്ന് വിജി സുന്ദരം പറയുന്നു. വാർത്തയായാലും പരസ്യമായാലും വലിയൊരു സമൂഹത്തിലേക്ക് എളുപ്പത്തിൽ എത്താനാവുന്നു എന്നതാണ് ന്യൂ മീഡിയ അമേരിക്കയുടെ പ്രത്യേകതയായി അവർ പറയുന്നത്. അമേരിക്കയിൽ മാധ്യമ വിവേചനം പലപ്പോഴും കാണപ്പെടുന്നുവെന്നാണ് പത്രാധിപ സമിതിയംഗമായ റെനൈ ക്രൂസ് അഭിപ്രായപ്പെട്ടത്. പല വംശീയതയും മുഖ്യധാരാ മാധ്യമങ്ങളുടെ ദൃഷ്ടിക്കു പുറത്താണ്. അവിടെയാണ് എത്നിക് മീഡിയയുടെ പ്രാധാന്യം. എൻ.എ.എമ്മിന്റെ ഏകോപനത്തിനു ശേഷം വിവിധ വംശീയതകളുടെ മാധ്യമങ്ങളും വാർത്താ വിനിമയ സംരംഭങ്ങളും അമേരിക്കയിൽ വളർന്നു വരികയാണ്. ഇതിനൊപ്പം ചേരാത്തവർ ധാരാളമുണ്ട്. എന്നാൽ, സ്വന്തം നാടിനോടു ബന്ധപ്പെട്ടിരിക്കാൻ ഇത്തരം മാധ്യമങ്ങളാണ് നല്ല വഴിയെന്നു തിരിച്ചറിയുന്ന കുടിയേറ്റക്കാർ വർധിച്ചുവരികയാണ്.

വായന

# ആത്മകഥ ചരിത്രമാകുമ്പോൾ



ഷാജി ജേക്കബ്




**മാധ്യമപ്രവർത്തകരുടെ ആത്മകഥകൾ നാടിന്റെ രാഷ്ട്രീയ ജീവചരിത്രരചനയുടെ ഭാഗമായി മാറുന്നതിന്റെ മികച്ച ഉദാഹരണമാണ് വിനോദ് മേത്തയുടെ Editor Unplugged**

"If there is a lesson I have learnt in forty years of political writings, it is that political writings is no different from writing on Bollywood", Vinod Mehta (2014:207).

അരിസ്റ്റോട്ടിൽ ചരിത്രത്തെയും സാഹിത്യത്തെയും പരസ്പരവിരുദ്ധമായ രണ്ട് ആഖ്യാനങ്ങളായാണ് നിർവചിച്ചത്. സംഭവിച്ചത് ചരിത്രവും സംഭവിക്കാവുന്നത് സാഹിത്യവും. ആധുനികകാലത്ത് അങ്ങനെയൊരു വൈരുധ്യം പക്ഷെ നിലനിന്നില്ല. പതിനെട്ടാം നൂറ്റാണ്ടു മുതൽ തന്നെ ചരിത്രം, നോവൽ എന്നിവയ്ക്ക് പത്രപ്രവർത്തനത്തോടുണ്ടായിവന്ന ആത്മബന്ധം അങ്ങേയറ്റം കൗതുകകരമാണ്. യഥാർത്ഥത്തിൽ 1605–ൽ രചിക്കപ്പെട്ട സെർവാന്റിസിന്റെ ഡോൺ കിക്സോട്ട് പോലും ഇതിനപവാദം. റോബിൻ സൺ ക്രൂസോ എഴുതിയ ഡാനിയൽ ഡീഫോ തൊട്ട് ഇന്നുവരെ ലോകത്തുണ്ടായിട്ടുള്ള മുൻനിര നോവലിസ്റ്റുകളിൽ വലിയൊരു ശതമാനം പേർ പത്രപ്രവർത്തകരായിരുന്നു. അക്കാദമിക പഠനപദ്ധതികളിൽ ചരിത്രവും നോവലും പത്രപ്രവർത്തനവും ഏതാണ്ടൊരേ രീതിയിൽതന്നെ ആധുനികതയുടെ സാംസ്കാരിക ചരിത്രത്തിന്റെ പാഠരൂപങ്ങളായി കണക്കാക്കപ്പെടുന്നു. ഇവയോടുള്ള ആഖ്യാനപരമായ സമാനത കണ

ക്കാക്കി ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം എന്നീ രൂപങ്ങൾക്കും മേല്പറഞ്ഞ സാംസ്കാരികസ്വരൂപം സങ്കല്പിക്കപ്പെടാറുണ്ട്. പലപ്പോഴും ഈ ആറ് രൂപങ്ങളും പരസ്പരബന്ധത്തോടെ നിർവഹിക്കുന്ന ഇത്തരമൊരു ദൗത്യം യാഥാർഥ്യവും ഭാവനയും തമ്മിലും ചരിത്രവും കല്പനയും തമ്മിലുമുള്ള അകലം റദ്ദുചെയ്ത് ആധുനികതയുടെ സാംസ്കാരിക ഭൂപട നിർമ്മാണത്തിൽ ഈ ഗണ/രൂപങ്ങൾക്കുള്ള പങ്കു വെളിപ്പെടുത്തുകയും ചെയ്യുന്നു. ആധുനികാനന്തരതയിലും സ്ഥിതി വ്യത്യസ്തമല്ല. വിനോദ് മേത്തയുടെ ആത്മകഥയുടെ രണ്ടാംഭാഗമായ Editor Unplugged ഇന്ത്യൻ പശ്ചാത്തലത്തിൽ മേല്പറഞ്ഞ പ്രവണതകളുടെ മികച്ച ഉദാഹരണമാണ്. 1960-കളിൽ പാശ്ചാത്യവിച്ഛേദത്തിനു തുടക്കമിട്ട ന്യൂജേണലിസത്തിന്റെ ആഖ്യാനപരവും അവബോധപരവുമായ മാതൃകയായി സ്വന്തം പത്രപ്രവർത്തനരീതി വിശദീകരിക്കുകകൂടി ചെയ്യുന്ന, ആദ്യത്തെ ഇന്ത്യൻ പത്രാധിപരുമാണ് വിനോദ് മേത്ത എന്ന സാഹചര്യത്തിൽ ഈ സമീകരണത്തിന് സാംഗത്യം ഏറുകയും ചെയ്യുന്നു.

പത്ര, മാധ്യമ പ്രവർത്തകരുടെ ആത്മകഥകളും ജീവചരിത്രങ്ങളും, അവ എഴുതുന്ന കാലത്തിന്റെ രാഷ്ട്രീയചരിത്രങ്ങളായി മാറുന്നത് സാധാരണ കാര്യമാണ്. മിക്കപ്പോഴും മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകരെക്കാൾ രാഷ്ട്രീയചരിത്രത്തിന്റെ ഭാഗമായി മാറുന്നവരാണല്ലോ പല മാധ്യമപ്രവർത്തകരും. മുഖ്യധാരാ മാധ്യമപ്രവർത്തനമെന്നാൽ രാഷ്ട്രീയ മാധ്യമപ്രവർത്തനമാകുന്ന സാഹചര്യത്തിൽ വിശേഷിച്ചും ഉദാഹരണങ്ങൾ എത്രയെങ്കിലുമുണ്ട്.

മാധ്യമപ്രവർത്തകർ എഴുതുന്ന ജീവചരിത്രങ്ങളുടെ കാര്യവും അങ്ങനെയാണ്. ടി.ജെ.എസ്. ജോർജും വിനോദ് മേത്തയുംതന്നെ നല്ല ഉദാഹരണം. നർഗീസ്, പോത്തൻ ജോസഫ്, സുബ്ബലക്ഷ്മി... ടി.ജെ.എസിന്റെ കൃതികളോരോന്നും ഓരോ കാലത്തിന്റെകൂടി കഥയാണ്. മീനാകുമാരി, സഞ്ജയ്ഗാന്ധി തുടങ്ങിയവരുടെ ജീവചരിത്രങ്ങളെഴുതി, വിനോദ് മേത്ത. തങ്ങൾ കണ്ട കാലത്തിന്റെ രാഷ്ട്രീയ ഗതിവിഗതികൾ നിരീക്ഷിക്കുന്നതിലും ചരിത്രത്തിന്റെ ദൃക്സാക്ഷികളായി സ്വയം അടയാളപ്പെടുത്തുന്നതിലും മാധ്യമപ്രവർത്തകർക്കുള്ള സാധ്യതകൾ വെളിപ്പെടുത്തുന്നവയാണ് ടി.ജെ.എസിന്റെയും മേത്തയുടെയു മൊക്കെ ആത്മകഥകളും.

ലക്നൗബോയ് എന്ന തന്റെ ആത്മകഥയുടെ ഒന്നാം
ഭാഗത്തു പറഞ്ഞുനിർത്തിയ കാര്യങ്ങളുടെ കാലത്തുടർച്ചയല്ല രണ്ടാംഭാഗമായ Editor Unplugged-ൽ ഉള്ളത്. പുതിയ കാലത്തിന്റെയെന്നപോലെ പഴയ കാലത്തിന്റെയും ചരിത്രമെഴുത്തായി ഇതുമാറുന്നു. അധികാരത്തിന്റെ ഇടനാഴികളും രാജവീഥികളുമായി മാറുന്ന മാധ്യമം, രാഷ്ട്രീയം, വ്യവസായം എന്നീ മൂന്നു മേഖലകളെ കൂട്ടിയിണക്കി രചിക്കുന്ന സമീപകാല ഇന്ത്യയുടെ ഒരു സമാന്തര ജീവചരിത്രം. പത്രപ്രവർത്തനവും ആത്മകഥയും ചരിത്രരചനയും തമ്മിലുള്ള ആത്മബന്ധത്തിന്റെ മികച്ച മാതൃക.



ആത്മകഥയെക്കുറിച്ചുള്ള ജോർജ് ഓർവെല്ലിന്റെ വിഖ്യാതമായ നിരീക്ഷണം 'Lucknow Boy' എന്ന കൃതിയിൽ വിനോദ് മേത്ത ഉദ്ധരിക്കുന്നുണ്ട്. 'Autobiography is only to be trusted when it reveals something disgraceful'. തുടർന്ന്, തന്റെ ആത്മകഥയും ഒരു കുമ്പസാരമോ കഥാർസിസോ അല്ലെങ്കിലും പരമാവധി സത്യങ്ങൾ തുറന്നുപറയാൻ താൻ ശ്രമിച്ചിട്ടുണ്ടെന്നദ്ദേഹം ഏറ്റുപറയുന്നു. I am a half open book', അദ്ദേഹം പറയുന്നു (p. 117).

1974 മുതൽ Debonair, Pioneer, Indian post, Independent, Sunday Observer തുടങ്ങിയ പത്രമാസികകളിൽ പ്രവർത്തിച്ച വിനോദ് മേത്ത 1995-ൽ Outlook വാരിക തുടങ്ങി; 2012 വരെ അതിന്റെ പത്രാധിപരായി തുടർന്നു. മുംബയിലും ദൽഹിയിലും കേന്ദ്രീകരിച്ച നാലുപതിറ്റാണ്ടിന്റെ മാധ്യമപ്രവർത്തനജീവിതത്തിൽ താൻ കണ്ടറിഞ്ഞ മാധ്യമ, രാഷ്ട്രീയ, വ്യവസായ മണ്ഡലങ്ങളിലെ കയറ്റിറക്കങ്ങൾക്കൊപ്പവും ചിലപ്പോഴെങ്കിലും എതിർദിശകളിലേക്കും സഞ്ചരിച്ച്, അച്ചടി, ദൃശ്യമാധ്യമരംഗങ്ങളിൽ




സജീവമായ വിനോദ് മേത്തയുടെ ദൃക്സാക്ഷി വിവരണങ്ങളാണ് ഈ ഗ്രന്ഥം. പതിമൂന്നധ്യായങ്ങൾ. ഓരോന്നും സ്വയം പൂർണമായ ഓരോ ജീവിതഖണ്ഡമായിത്തന്നെ വായിക്കാവുന്ന മട്ടിൽ പൂർണം. കഴിഞ്ഞ നാലുപതിറ്റാണ്ടിന്റെ (1974–2014) ഇന്ത്യ, ഈ പതിമൂന്നധ്യായങ്ങളിൽ ഭാഗികമായാണെങ്കിലും രേഖപ്പെടുത്തപ്പെടുന്നു. അതീവ രസകരവും ഒഴുക്കുള്ളതുമായ ഭാഷ. ഇടതൂർന്ന നർമം. മുനവച്ച പരിഹാസങ്ങൾ. അപാരമായ നിർമ്മമത. തുറന്ന കണ്ണും കാതുമായി ജീവിച്ച ഒരു പത്രാധിപരുടെ ഒത്തുതീർപ്പുകളില്ലാത്ത നിലപാടുകൾ. ആത്മബോധം, അഹന്തയോ ആത്മപ്രശംസയോ ആയി മാറാത്തതിന്റെ ആർജവം. I am excercising the prerogative of the harlot-power without responsibility എന്ന് രാഹുൽഗാന്ധിയോടൊരിക്കൽ പറഞ്ഞതുപോലെ തട്ടുപൊളിപ്പൻ തമാശകളുടെ അടുക്കുകൾ തന്നെയുണ്ട് ഈ പുസ്തകത്തിൽ. വിജയങ്ങളും പരാജയങ്ങളും ഒരേ മനോഭാവത്തോടെ രേഖപ്പെടുത്തുന്നതിന്റെ ആത്മാർഥത. ഒരാളെക്കുറിച്ചും തനിക്കുള്ള തിരിച്ചറിവും ധാരണയും മറച്ചുവയ്ക്കാത്ത സുതാര്യത. Editor Unplugged എന്ന പേര് അന്വർഥമാക്കുന്നു വിനോദ് മേത്ത.

പതിനേഴുവർഷം നീണ്ട ഔട്ട്ലുക് ജീവിതത്തിൽ നിന്ന് 2012–ൽ വിടവാങ്ങിയ സന്ദർഭമാണ് ഗ്രന്ഥത്തിന്റെ തുടക്കം. Walking into the sunset'. (ഈ കൃതി പുറത്തുവന്ന് മാസങ്ങൾക്കുള്ളിൽ അദ്ദേഹം അന്തരിച്ചു!) തന്റെ ജീവിതസായാഹ്നത്തിൽ, കരുത്തുനേടുന്ന ഇന്ത്യൻ മാധ്യമങ്ങളും മാധ്യമപ്രവർത്തകരും തനിക്കെങ്ങനെ അന്യമാകുന്നുവെന്നാണ് അദ്ദേഹം ഈയധ്യായത്തിൽ മുഖ്യമായും രേഖപ്പെടുത്തുന്നത്. ആരോപണവിധേയനായ തരുൺ തേജ്പാൽ മുതൽ ഗോസിപ്പിംഗാണ് മാധ്യമപ്രവർത്തനം എന്ന വിശ്വാസം പ്രബലമായ സാഹചര്യങ്ങൾവരെ ഇവിടെ വിശകലനം ചെയ്യപ്പെടുന്നു. തന്റെതന്നെ അഹന്തക്കേറ്റ ചില തിരിച്ചടികൾ ഓർമ്മിച്ചുകൊണ്ട് മാധ്യമപ്രവർത്തകരുടെ വളർന്നുമുറ്റിയ ഈഗോയെ കണക്കിനു പരിഹസിക്കാനദ്ദേഹം മടിക്കുന്നില്ല. “One must never forget that journalists are among the most insecure people on earth with egos as big as footballs....” (p. 18)

നാലുപതിറ്റാണ്ടിന്റെ പത്രപ്രവർത്തന ജീവിതത്തിലൂടെയല്ലാ നാലുവർഷത്തെ വാർത്താ ടെലിവിഷൻ ചർച്ചകളിലൂടെയാണ് യഥാർഥത്തിൽ വിനോദ് മേത്ത പൊതുസമൂഹത്തിൽ പരിചിതനാകുന്നത്. പ്രധാനമായും അർണാബ് ഗോസ്വാമിക്കൊപ്പം ടൈംസ് നൗ ചാനലിൽ അദ്ദേഹം നടത്തിയ രാഷ്ട്രീയസംവാദങ്ങളിലൂടെ. രണ്ടാമധ്യായമായ ടെലിവിഷനും ഞാനും ഈ ജീവിതത്തിലേക്കുള്ള തിരിഞ്ഞുനോട്ടമാണ്. വാർത്താ ടെലിവിഷൻ ചർച്ചകളിൽ വിനോദ് മേത്ത സൃഷ്ടിച്ച വിപ്ലവമെന്തായിരുന്നു? അദ്ദേഹത്തിനും സംശയമില്ല - വിസ്കി നിറച്ച ഗ്ലാസുമായി സ്വന്തം വീട്ടിലെ സ്വീകരണമുറിയിലിരുന്ന് രാജ്യം മുഴുവൻ കാണുന്ന ചർച്ചയിൽ പങ്കെടുക്കാം എന്ന അവസ്ഥ സൃഷ്ടിച്ചതുതന്നെ. വിനോദ് എഴുതുന്നു: What is my comtribution to news television? Assuming I have made any, it must be my reputation as a drunkard. I can claim to be first person to carry a glass of wine or whisky as I sit on my chair in my Nizamuddin study facing the camera. Since the live programmes begin around 8.30 p.m. and can last for an hour and a half, with yours truly lucky if he can get two sentences in - ‘just coming to you, Mr. Mehta’ - sipping single malt while waiting for the anchor to free himself from the embrace of Ravi Shankar Prasad and Abhishek Manu Singhvi at each other’s throats, is

a necessary timepass.

Good habits catch on. I would like to believe my example has inspired Manish Tewari, Chandan Mitra, Mani Shankar Aiyar, Swapan Dasgupta, Ram Jethmalani, Meghnad Desai to turn to the bottle at prime time. The list grows. Amen. എങ്കിലും തന്റെ ശവക്കല്ലറയിൽ രേഖപ്പെടുത്തേണ്ടത്, ഇക്കാര്യമല്ല, നാലുപതിറ്റാണ്ടുകാലം പല അച്ചടിമാധ്യമങ്ങളുടെയും പത്രാധിപരായിരുന്നുകൊണ്ട് താൻ ജീവിച്ച ജീവിതത്തിന്റെ ഓർമ്മക്കുറിപ്പുകളാവണം എന്നും അദ്ദേഹം കുറിച്ചിടുന്നു (p. 22).

മൂന്നാമധ്യായം, നീരാറാഡിയ ടേപ്പ്‌വിവാദത്തിന്റെ പുനരാഖ്യാനമാണ്. ഔട്ട്‌ലുക്ക് വാരികയാണ് രാജ്യത്തെ ഇളക്കിമറിച്ച ഈ വിവാദരേഖകൾ പുറത്തുകൊണ്ടുവന്നത്. വ്യവസായഭീമന്മാരായ ടാറ്റയെയും അംബാനിയെയും മാത്രമല്ല ഇന്ത്യാഗവൺമെന്റിനെ തന്നെ തന്റെ വിരൽത്തുമ്പിൽ അമ്മാനമാടിയ നീരയുടെ കഥ വിനോദ് വിവരിക്കുന്നു. ഇന്ത്യയിൽ വലിയൊരു സംഘം മാധ്യമപ്രവർത്തകർ രാഷ്ട്രീയ ഇടനിലക്കാർ കൂടിയാണെന്ന യാഥാർഥ്യം പുറത്തുകൊണ്ടുവന്ന്, ഇന്ത്യൻ മാധ്യമചരിത്രത്തെപ്പോലും രണ്ടായി പകുത്ത സംഭവമായിരുന്നല്ലോ റാഡിയടേപ്പുകളുടെ വെളിപ്പെടുത്തൽ. ടൈംവാരിക പറഞ്ഞതുപോലെ ലോകത്തെതന്നെ ഏറ്റവും വലിയ പത്ത് അധികാരദുരുപയോഗസന്ദർഭങ്ങളിലൊന്ന്.

നാലാമധ്യായം രത്തൻ ടാറ്റയെക്കുറിച്ചാണ്. വിശദമായി പറഞ്ഞാൽ രത്തൻ ടാറ്റയ്ക്കുണ്ടായ അലോസരങ്ങൾ തന്റെ മാധ്യമജീവിതത്തെ മാറ്റിമറിച്ചതിന്റെ രോഷംനിറഞ്ഞ ഓർമ്മക്കുറിപ്പുകൾ. ടാറ്റയുടെ ജീവചരിത്രമെഴുതാൻ പുറപ്പെട്ട മേത്ത പിന്നീട് ഔട്ട്‌ലുക്കിൽ നീരാറാഡിയ ടേപ്പ് പ്രസിദ്ധീകരിച്ച് അദ്ദേഹത്തിന്റെ എക്കാലത്തെയും ശത്രുവായി മാറിയ കഥ. ചരിത്രത്തിലാദ്യമായാണ് ടാറ്റ എന്ന പേര് മാധ്യമങ്ങളിലും പൊതുസമൂഹത്തിലും രാഷ്ട്രീയ അഴിമതിയുടെയും അധികാരദുർവിനിയോഗത്തിന്റെയും കോർപ്പറേറ്റ് ലോബിയിംഗിന്റെയും പക്ഷത്തുനിർത്തി വിചാരണ ചെയ്യപ്പെടുന്നത്.

കോർപ്പറേറ്റുകളും മാധ്യമങ്ങളും എന്ന അഞ്ചാമധ്യായം ആഗോളവൽക്കരണ കാലത്ത് ഇന്ത്യൻ മാധ്യമരംഗത്തുണ്ടായ ഏറ്റവും വലിയ മാറ്റങ്ങളെ വിലയിരുത്തുന്നു. റൂപർട് മർദോക്കിനെപ്പോലുള്ള ആഗോളകുത്തകകളുടെ വരവും ഇന്ത്യൻ മാധ്യമങ്ങളുടെ കയ്യടക്കവും പോലെതന്നെ അപകടകരമാണ് ഇന്ത്യൻ കുത്തകകളുടെ വളർച്ചയുമെന്ന് മേത്ത വിശദീകരിക്കുന്നു. അംബാനി, ജയിൻ കുടുംബങ്ങൾ ഇന്ത്യൻ അച്ചടി-ശ്രാവ്യ-ദൃശ്യ-നവ മാധ്യമരംഗങ്ങൾ ഒന്നോടെ കയ്യടക്കുന്നതിന്റെ ചിത്രം ഈയധ്യായം വരച്ചിടുന്നു. ഇതിന്റെ ആസന്നഫലമെന്നോണം മാധ്യമരംഗത്തുണ്ടായ അപൂർവമായ വിശ്വാസ്യതാനഷ്ടത്തിന്റെ കഥ പറയുന്നു, ആറാമധ്യായം. മേത്ത എഴുതുന്നു : In my forty years as editor, I have seen many developments in the print media which are worrying. But nothing quite so worrying as the erosion of public trust. Our credibility is at an all-time low because readers take everything they read with a bucketful of salt. To repeat the truism : if newspapers can no longer be trusted to tell the truth on their news pages, then all is lost. We might as well pack



up and go home.

1960–80 കൾ, ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ സുവർണകാലമായിരുന്നുവെന്നും പിന്നീടാണ് ടൈംസ് ഓഫ് ഇന്ത്യ തുടക്കമിട്ട പത്രരംഗത്തെ കച്ചവടവൽക്കരണം മുതൽ പി. സായ്നാഥ് തുറന്നുകാട്ടിയ പെയ്ഡ് ന്യൂസ് വരെയുള്ളവ ഈ മണ്ഡലത്തെ നശിപ്പിച്ചതെന്നും മേത്ത തുറന്നടിക്കുന്നു.

ഔട്ട്ലുക്കിലെ തന്റെ ജീവിതവും സംഘർഷങ്ങളും ഒപ്പം സ്വകാര്യജീവിതത്തിലെ ചില ഏടുകളും (ഒന്നിലധികം വിവാഹങ്ങൾ, സ്വിസ്കാമുകിയിൽ ഒരു മകൾ ജനിച്ചുവെങ്കിലും പിന്നീടവരെ കാണാൻ കഴിയാഞ്ഞത്...) മറനീക്കുന്നു, ഏഴാമധ്യായത്തിൽ.

ഏറ്റവും അവിസ്മരണീയമായ ഭാഗം. ഇന്ത്യാക്കാരുടെ നർമബോധത്തെക്കുറിച്ചാണത്. രാഷ്ട്രീയരംഗത്ത് വിജയിച്ചവരും പരാജയപ്പെട്ടവരുമായ എത്രയെങ്കിലും പേരുടെ കഥ പറഞ്ഞ് നർമത്തിന്റെ ഒരു ചെറുകടൽതന്നെ സൃഷ്ടിക്കുന്നു വിനോദ് മേത്ത. തന്നെ തന്നെ പരിഹസിക്കുന്നതിലുള്ള മേത്തയുടെ താൽപര്യം വിഖ്യാതമാണ്. സ്വന്തം കഥകൾ, മറ്റുള്ളവർ പറഞ്ഞ കഥകൾ, സംഭവിച്ചവ, സംഭവിക്കാത്തവ...മണിശങ്കർ അയ്യരെപ്പോലുള്ളവർ ദൽഹിയുടെ രാഷ്ട്രീയ, മാധ്യമ മണ്ഡലങ്ങളിൽ പറഞ്ഞുണ്ടാക്കുന്ന നർമകഥകളുടെ ആഴം ഈവിധം മറ്റാരെങ്കിലും രേഖപ്പെടുത്തിയതായി കേട്ടിട്ടില്ല. തമാശകൾക്കൊപ്പം വിസ്മയകരമായ



താൻ ആരാധിക്കുന്ന ആറുപേരുടെ തൂലികാചിത്രങ്ങൾ കോറിയിടുന്ന എട്ടാമധ്യായമാണ് ഈ ഗ്രന്ഥത്തിലെ ഏറ്റവും പരപ്പുള്ള ഭാഗം. ഉടനീളം മേത്ത ഉദ്ധരിക്കുന്ന ജോർജ് ഓർവെല്ലിനെ മാത്രമല്ല, എറിക് ഹോബ്സ്ബാം മുതൽ ഹാരോൾഡ് പിന്റർ വരെയുള്ളവരെയും സാക്ഷിനിർത്തി രാഷ്ട്രീയവും സാഹിത്യവും സിനിമയും തത്വചിന്തയും കലയും ക്രിക്കറ്റും മറ്റും വ്യാഖ്യാനിക്കുന്നു അദ്ദേഹം. ഹാരോൾഡ് പിന്ററുടെ വാക്കുകൾ നോക്കുക: Cricket is the greatest thing god created on earth, certainly better than sex, although sex is not bad either" (p. 132).

കെ.എ. അബ്ബാസ്, റസ്കിൻബോണ്ട്, സച്ചിൻ ടെൻഡുൽക്കർ, ജോണിവാക്കർ, കുഷ്വന്ത്സിംഗ്, അരുന്ധതിറോയ് എന്നിവരാണ് വിനോദിന്റെ ആരാധനാപാത്രങ്ങൾ. അബ്ബാസിനെയും റസ്കിനെയും അരുന്ധതിയെയും കുറിച്ചുള്ള കുറിപ്പുകൾ എടുത്തുപറയേണ്ടവയാണ്.

അടുത്ത അധ്യായമാണ് ഈ പുസ്തകത്തിന്റെ

വസ്തുതകളും ഈയധ്യായത്തിലുണ്ട്. രാഷ്ട്രീയനേതാക്കളുടെ വായനയെക്കുറിച്ചു പറയുമ്പോൾ, താൻ ജീവിതത്തിൽ ഒരു പുസ്തകംപോലും വായിച്ചിട്ടില്ലെന്ന് നരേന്ദ്രമോദി ഇ.ടി.വി.യിലെ അഭിമുഖത്തിൽ തുറന്നുസമ്മതിച്ച കാര്യം മേത്ത വിവരിക്കുന്നു. മുഖ്യമായും ഇംഗ്ലീഷ് ഭാഷയിലുള്ള അജ്ഞതകൊണ്ട് തങ്ങൾക്കു പറയാനും മനസ്സിലാക്കാനും പറ്റാത്ത തമാശകളുടെ ലോകത്തുനിന്നു പിൻവാങ്ങുന്ന രാഷ്ട്രീയനേതാക്കളുടെ ദയനീയചിത്രവും ഈയധ്യായം നൽകുന്നു. ഇന്ദ്രപ്രസ്ഥത്തിൽ ഏറെ പ്രചരിച്ച ഒരു കഥ മാത്രം നോക്കാം.

"Vajpayee, Musharraf, Madhuri Dixit and Margaret Thatcher are travelling on a train. The train suddenly goes through a tunnel and it gets completely dark. Suddenly there is a kissing sound and then a slap! The train comes out of the tunnel. Thatcher and Vajpayee are sitting looking perplexed. Musharraf is bent over holding his face which is red from an apparent slap. All of them remain diplomatic and




nobody says a thing.

Thatcher thinking: ‘These Pakistanis are all crazy about Madhuri. Musharraf must have tried to kiss her in the tunnel. Very proper that she slapped him’.

Madhuri is thinking: ‘Musharraf must have moved to kiss me and kissed Margaret instead, and got slapped’.

Musharraf is thinking: ‘Damn! Vajpayee must have tried to kiss Madhuri, she thought it was me and slapped me’

Vajpayee is thinking: ‘If this train goes through another tunnel, I could make another kissing sound and slap Musharraf again’.

To prove my point about recycling, in Pakistan they tell the same joke with one difference: It is Vajpayee who gets slapped”.

ഇന്ത്യൻ മാധ്യമവർഗത്തെക്കുറിച്ചുള്ള കൗതുകകരമായ നിരീക്ഷണങ്ങളാണ് പത്താമധ്യായം. ആഗോളവൽക്കരണത്തിന്റെ സാമ്പത്തികയുക്തികളെ നിശിതമായി വിമർശിക്കുന്ന അരുന്ധതിറോയിയുടെ മുഴുവൻ ലേഖനങ്ങളും പ്രസിദ്ധീകരിച്ച വാരികയുടെ പത്രാധിപരായിരുന്നിട്ടും മേത്ത ആഗോളവൽക്കരണത്തെ നിരാകരിക്കുന്നില്ല. 1990-ൽ പത്തുകോടിയായിരുന്ന ഇന്ത്യൻ മധ്യവർഗം രണ്ടുപതിറ്റാണ്ടുകൊണ്ട് മുപ്പതുകോടിയായി മാറിയതിന്റെ ഗുണാത്മക രാഷ്ട്രീയം നിരാകരിക്കാൻ മേത്ത തയ്യാറല്ല. അതേസമയംതന്നെ അമർത്യാസെൻ, ജഗദീഷ് ഭഗവതി സംവാദത്തിൽ സെന്നിനൊപ്പം നിൽക്കാനും മേത്ത തയ്യാറാകുന്നു. മതേതരരാഷ്ട്രീയത്തോടും സാമൂഹികചിന്തയോടും വിട്ടുവീഴ്ച ചെയ്യാൻ താനൊരിക്കലും തയ്യാറായിട്ടില്ല എന്ന് ഒട്ടൊരു അഭിമാനത്തോടെതന്നെ വിനോദ് ആവർത്തിക്കുകയും ചെയ്യുന്നു. നമ്മുടെ കാലത്തെ സമാന്തരരാഷ്ട്രീയ മനഃസാക്ഷി എന്നു വിളിക്കാവുന്ന എൻ.ജി.ഒ. കളെക്കുറിച്ചും ഈയധ്യായം വിശദമായി ചർച്ചചെയ്യുന്നു.

അരവിന്ദ് ഖേജ്‌രിവാളിന്റെ രാഷ്ട്രീയവ്യക്തിത്വത്തെക്കുറിച്ചുള്ള അതിസൂക്ഷ്മമായ ഒരവലോകനമാണ് പതിനൊന്നാമധ്യായം. From Hero to Nearly Zero’. തുടക്കത്തിൽ ഖേജ്‌രിവാളിന്റെ വക്താവും പ്രചാരകനുമായിരുന്ന മേത്ത, ടെലിവിഷൻ സൃഷ്ടിച്ച ഖേജ്‌രിവാളിനെ ടെലിവിഷൻതന്നെ ഇല്ലാതാക്കുന്ന കാലത്തിന്റെ സാക്ഷിയാണു താനെന്ന് വ്യക്തമാക്കുന്നു. തെരഞ്ഞെടുപ്പുതന്ത്രങ്ങളിൽ അമ്പേ പരാജയപ്പെടുകയും പാർട്ടിക്കുള്ളിൽ ഏകാധിപത്യ പ്രവണത പ്രകടിപ്പിക്കുകയും ലഭിച്ച ജനപിന്തുണ മാനിക്കാതെ നാല്പതു ദിവസംകൊണ്ട് ഭരണം ഇട്ടെറിഞ്ഞുപോരികയും ചെയ്ത ഖേജ്‌രിവാളിന്റെ രാഷ്ട്രീയ അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുന്ന മേത്ത പക്ഷെ, പിന്നീടുണ്ടായ വിസ്മയകരമായ തെരഞ്ഞെടുപ്പു വിജയം കണ്ട് സ്തബ്ധനായിരിക്കണം. എന്തായാലും ആപ്പിന്റെ ശൈഥില്യം കാണാൻ അദ്ദേഹം ജീവിച്ചിരുന്നില്ല.

നെഹ്റു-ഇന്ദിര-രാജീവ്-സോണിയ-രാഹുൽ കുടുംബവാഴ്ചയുടെ കഥപറയുന്ന പന്ത്രണ്ടാമധ്യായത്തിൽ തന്റെ രാഷ്ട്രീയ പത്രപ്രവർത്തനത്തിന്റെ വിശ്വാസപ്രമാണങ്ങളും മേത്ത രേഖപ്പെടുത്തുന്നു. 1960 കളിൽ അമേരിക്കയിൽ രൂപംകൊണ്ട ന്യൂജേണലിസമാണ് തന്റെ പത്രപ്രവർത്തനശൈലിയെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. നോർമൻ മെയ്‌ലറും ടോംവോൾഫും മറ്റും രൂപപ്പെടുത്തിയ ആത്മനിഷ്ഠവും കാല്പനികവുമായ പത്രപ്രവർത്തനശൈലിയായിരുന്നു, ഇത്. ലളിതമായ ശൈലി. നേരിട്ടുള്ള ആഖ്യാനം.

മതേതരത്വത്തിന്റെ പേരിൽ മാത്രം കോൺഗ്രസിനെ എല്ലാക്കാലത്തും താൻ അനുകൂലിച്ചുപോന്നു എന്ന് ഏറ്റുപറഞ്ഞുകൊണ്ടുതന്നെ നെഹ്റുകുടുംബത്തിന്റെ അന്തഃഛിദ്രങ്ങളും അധികാരമോഹങ്ങളും അന്തഃസ്സാരശൂന്യതകളും മേത്ത വിവരിക്കുന്നു. കുഷ്‌വന്ത്സിംഗും മറ്റും തുറന്നെഴുതിയ ഇന്ദിരയുടെയും മക്കളുടെയും സംഘർഷഭരിതമായ കുടുംബജീവിതവും രാഹുൽഗാന്ധിയുടെ രാഷ്ട്രീയദൗർബല്യങ്ങളും മേത്ത അവലോകനം ചെയ്യുന്നു.

നരേന്ദ്രമോദിയെ മനസ്സിലാക്കുക എന്നതാണ് അവസാന അധ്യായം. ഗുജറാത്ത് മോഡലിനെ വിമർശിച്ചുകൊണ്ടും 2002ലെ കലാപത്തിന്റെ ധാർമ്മിക ഉത്തരവാദിത്തം മോദിക്കുണ്ട് എന്നു സമർഥിച്ചുകൊണ്ടും ജനാധിപത്യ വ്യവസ്ഥയിലൂടെ മോദി നേടിയ തെരഞ്ഞെ




ടുപ്പു വിജയത്തെ ആദരിക്കുന്ന മേത്ത, ഈ ഗ്രന്ഥം രചിക്കുമ്പോൾ നാലുമാസം പിന്നിട്ട മോദിഭരണത്തെ വിലയിരുത്തിക്കൊണ്ട് ഇങ്ങനെയെഴുതി : "At present, the glass is half full or half empty. It depends which way you look at it"

അസാധാരണമായ മെയ്‌വഴ ക്കത്തോടെ നരേന്ദ്രമോദിയുടെ വ്യക്തിത്വത്തെ വിലയിരുത്താനും വിനോദ് മേത്തക്കു കഴിയുന്നുണ്ട്. ആൾക്കൂട്ടത്തിൽ തനിയെ ജീവിക്കുന്ന, അപാരമായ നിഗൂഢതകളുള്ള ഒരാൾ. ഐസക് ന്യൂട്ടനെയും ഐൻസ്റ്റീനെയും ക്ലിന്റ് ഈസ്റ്റ് വുഡിനെയും ഹിച്ച്കോക്കിനെയും പോലെ. സുഹൃത്തുക്കളോ രാഷ്ട്രീയ നേതാക്കളോ ബന്ധുക്കളോ സന്ദർശിക്കാനെത്താതെ, ബഹുജനങ്ങളും ആർഭാടങ്ങളുമില്ലാതെ, ഒരു പാചകക്കാരനും രണ്ട് സേവകരും മാത്രമുള്ള വീട്ടിൽ മുഖ്യമന്ത്രിയായിരുന്ന പത്തുവർഷവും ഗാന്ധിനഗറിൽ മോദി താമസിച്ചിരുന്നതിനെക്കുറിച്ച് ഔട്ട്ലുക്ക് മുൻപുതന്നെ എഴുതിയിട്ടുണ്ട്. ദൽഹിയിലും വലിയ മാറ്റമില്ലാത്ത ജീവിതമാണ് മോദിയുടേത്.

ഇങ്ങനെ, കഴിഞ്ഞ നാലുപതിറ്റാണ്ടിന്റെ ഇന്ത്യൻ മാധ്യമ, രാഷ്ട്രീയ, വ്യവസായ ലോകങ്ങളെ അടുത്തറിഞ്ഞ വിനോദ് മേത്ത ആത്മവിശ്വാസത്തോടെ അനുസ്മരിക്കുന്ന തന്റെ മാധ്യമപ്രവർത്തനത്തിന്റെ ബാക്കിപത്രമെന്തായിരുന്നു? അദ്ദേഹം എഴുതുന്നു : 'Arundhati Roy once told me that for an editor to pull skeletons out of the cupboard of the rich and the powerful and put them up for public display, there is an essential prerequisite: the said editor must have no skeletons in his own cupboard.

So, what is the state of my cupboard? Is it half full or half empty? How many skeletons have I removed secretly at the midnight hour? If the answer to that question is to be settled by my word against yours, only confusion will result. Even if an editor has managed to keep his crowded skeleton cupboard away from public scrutiny, the people who need to know, know.

My cupboard is bare, an emptiness which has allowed me to go cupboard - rummaging. If such had not been the case, my record in this area would have been mediocre. As a journalist, part of my mandate is to pontificate and preach. To fulfil this role I have used the Caesar's wife principle to guide me. Whoever looks after me upstairs made sure when the Devil came to tempt me, and Mr. D came several times, I had courage to say to him, ' Get thee behind me, Satan'. I hope that doesn't sound too self-righteous'.

Editor Unplugged

Vinod Mehta, Penguin Viking 2014, Rs. 599/-

⊙

*ശ്രീശങ്കര സർവ്വകലാശാലയിൽ മലയാളം അധ്യാപകനാണ് ലേഖകൻ.*

*ലേഖകന്റെ ഇ-മെയിൽ shajijacob67@gmail.com*



J. V. Vil'anilam

Students' Corner

# The Soviet /Communist Theory

The Soviet Communist Theory (not very active since 1990) evolved during the early years of the Union of Soviet Socialist Republics (USSR, established following the Bolshevik revolution in 1917) and which no longer exists since 1989. After 72 years of dominance, the socialist republics of Eastern Europe and Central Asia disintegrated into independent republics, with Russia still as the leading socialist country bearing most of the glory of socialism, and the Republics of Georgia, Ukraine etc. declaring independence from Russian domination and the CIS (Common wealth of Independent States) in Central Asia, also independent from the sphere of influence of Russia. Poland, Romania, Hungary, Bulgaria and other countries also came out of the political influence of Russia. With fall of Russia, many socialist countries in its sphere of influence came out of it.



Communist sympathizers do not agree that communism has vanished from the face of the earth; they believe that socialist economic thinking will remain for ever in different parts of the world. With the re-organization of European and Central Asian republics and their independent stance, the idea of communism has vanished as a viable economic proposition, according to Western capitalist economists. The world has now become unipolar, they say, and capitalism as an economic philosophy has won. There are many who question this concept. Be that as it may, let us not

The socialist/ communist theory of the press is that the media are a collective agitator, propagandist and educator in the task of building an egalitarian society.



The Soviet theory held an important position in the post-World War II years and it formed an essential ingredient of the post-War anti-communist communication theories propounded by the West, particularly the U.S. Two sources that deal with the Soviet theory are: Mass Media in the Soviet Union (by M. Hopkins, New York: Pegasus, 1970) and Brian McNair's "Media in Post-Soviet Russia: An Overview, European Journal of Communication, Vol. 9 (2), 1994, pp.115- 135, and his Glasnost,Perestroika and the Soviet Media, London: Routledge, 1991. Another important source, Siebert etal., Four Theories of the Press, already referred to.

The main characteristics of the theory can be condensed into "the subordination of the media to the Communist Party" considered 'the only legitimate voice and agent of the working class.' Although the theory does not support free expression, it suggests a positive role for the media in society. It emphasizes culture, information, and socioeconomic development as worthy causes for the media. Communist parties may accept the theory in toto, but other political parties will not hail it as heroic, especially because the Soviet system has disappeared, And yet, blind hatred of a theory may not appeal to free-thinking individuals.

take sides but examine what the essence of the Soviet/Communist theory of the press was.

The socialist/ communist theory of the press is that the media are a collective agitator, propagandist and educator in the task of building an egalitarian society. This view was first propagated by V. I. Lenin, the founder of the Soviet system. When Lenin died in 1924, Joseph Stalin took over the reins of the USSR. Stalin used the media to impose his will on the people. As a ruthless dictator, he found the media a convenient tool to manipulate the people, and justify his actions.

This theory claimed that a people's government could not but be people- friendly, people-oriented and aimed at people's overall welfare and hence it could not err. The Soviet press/ media could not but be the people's own establishment and run by the people, it could not be anything but people's own, aimed at people's welfare and interests. Anything critical of the government or anybody raising his or her critical voice against would simply be anti-people and unpatriotic.

Since China is the only claimant of communism these days, the Soviet theory no longer enjoys much enthusiastic support from anywhere, especially because China opposes capitalism only when it affects its national interests. In other words, there is no international communism under Russian influence now.

See you later, communicator!

⊙

*Professor Dr. ]. V. Vil'anilam iras Vice-Chancellor (1992-1996) and Head of the Department of Communication & Journalism (1982-1992) at the University of Kerala. /4s Professor Emeritus of the UGC he has taught at Berliampur, Bhopal, Bhubanesirar, Calicut, Dharicar, and Mangalore universities from 1996 onwards. Visit his website: umnr.vilanilam.com.*

# നേരിന്റെ നേർക്കാഴ്ചകൾക്ക് അംഗീകാരം



*സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡുദാന സമ്മേളനം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ. സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. ഐ & പി. ആർ. ഡി. ഡയറക്ടർ മിനി ആന്റണി ഐഎഎസ്, കേരള മീഡിയ അക്കാദമി ചെയർമാൻ സെർജി ആന്റണി, ആർ. രവീന്ദ്രൻ, ഹൈബി ഈഡൻ എം. എൽ. എ., ലിനോ ജേക്കബ്, സി. ആർ. രാജ്മോഹൻ എന്നിവർ സമീപം*

പ്രകൃതിയിലെയും സമൂഹത്തിലെയും നേരിന്റെ നേർക്കാഴ്ചകൾക്ക് സംസ്ഥാനസർക്കാരിന്റെ അംഗീകാരം. സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡുകൾ കൊച്ചിയിൽ നടന്ന ചടങ്ങിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രി കെ.സി. ജോസഫ് സമ്മാനിച്ചു.

എസ്. മാധവൻ നായർ (തിരുവനന്തപുരം), രാജേഷ് കരേല (കണ്ണൂർ), എസ്. റെജിബാബു (തിരുവനന്തപുരം) എന്നിവരാണ് ആദ്യ മൂന്നു സ്ഥാനങ്ങളിലേക്കുള്ള പുരസ്കാരങ്ങൾക്ക് അർഹരായത്. പത്തു പേർക്കുള്ള പ്രോൽസാഹനസമ്മാനങ്ങളും മന്ത്രി വിതരണം ചെയ്തു. എ.എഫ്.പി. യുടെ മുൻ ഫോട്ടോഗ്രാഫർ ആർ. രവീന്ദ്രനെ മന്ത്രി ആദരിച്ചു.

സെൽഫി യുഗത്തിൽ എല്ലാവരും ഫോട്ടോഗ്രാഫർമാരാണെങ്കിലും ഭാവനാപൂർണമായി സംഭവങ്ങൾ പകർത്തുന്നതിലാണ് ഈ കലയുടെ മികവെന്ന് മന്ത്രി കെ. സി. ജോസഫ് പറഞ്ഞു. അപൂർവ ജീവിതമുഹൂർത്തങ്ങൾ പലപ്പോഴും ചരിത്രമാണ്. അവ നൽകുന്ന സന്ദേശങ്ങളാകട്ടെ മഹത്തരവും. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സംസ്ഥാനം നടത്തുന്ന പോരാട്ടമാണ് ഇത്തവണത്തെ ഫോട്ടോഗ്രാഫി അവാർഡിന് വിഷയമാക്കിയത്. അതു തപ്പെടുത്തുന്ന പ്രതികരണമാണ് മൽസരത്തിനു ലഭിച്ചത്. 134 പേരിൽ നിന്നായി 240 ചിത്രങ്ങളാണ് വിധിനിർണയത്തിനു കിട്ടിയതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

ചടങ്ങിൽ ഹൈബി ഈഡൻ എം.എൽഎ. അധ്യക്ഷത വഹിച്ചു. തുറമുഖ ഫിഷറീസ് മന്ത്രി ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്തു. കേരള മീഡിയ അക്കാദമി ചെയർമാൻ സെർജി ആന്റണി മുഖ്യപ്രഭാഷണം നടത്തി. മേയർ ടോണി ചമ്മണി, കൗൺസിലർ ലിനോ ജേക്കബ്, ഐ&പി.ആർ.ഡി. ഡയറക്ടർ മിനി ആന്റണി ഐ.എ.എസ്., അഡീഷണൽ ഡയറക്ടർ സി.രമേഷ് കുമാർ, ഡപ്യൂട്ടി ഡയറക്ടർ സി.ആർ. രാജ്മോഹൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഫോട്ടോഗ്രാഫിയുടെ ചരിത്രം എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ഫോട്ടോവൈഡ് ചീഫ് റിപ്പോർട്ടർ സജി എണ്ണയ്ക്കാട് പ്രബന്ധം അവതരിപ്പിച്ചു. ഗൂഗിൾ ഫോട്ടോഗ്രാഫർ ഫിറോസ് ബാബു, മലയാള മനോരമ ചീഫ് ഫോട്ടോഗ്രാഫർ ജോസ്കുട്ടി പനയ്ക്കൽ, ഐ&പി. ആർ.ഡി. മേഖലാ ഡപ്യൂട്ടി ഡയറക്ടർ പി.ആർ. റോയി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല തുടങ്ങിയവർ പങ്കെടുത്തു.

ചലച്ചിത്ര പിന്നണി ഗായകൻ ഷബീർ നയിച്ച ഗസൽ സന്ധ്യ ചടങ്ങിന്റെ മാറ്റുകൂട്ടി.

**കേരള മീഡിയ അക്കാദമി ഭരണസമിതി**

**ചെയർമാൻ**: സെർജി ആന്റണി (ദീപിക) **വൈസ് ചെയർമാൻ**: കെ. സി. രാജഗോപാൽ (മനോരമ)

**സമിതി അംഗങ്ങൾ:** എം. എസ്. രവി (കേരളകൗമുദി), എൻ. രാജേഷ് (മാധ്യമം), കെ. എം. റോയ്, സി. എൻ. മോഹനൻ (ദേശാഭിമാനി), പി. സുജാതൻ, ബേബി മാത്യു (ജീവൻ ടിവി), ഇ. പി. ഷാജുദ്ദീൻ (മംഗളം), എസ്. ബിജു (ഏഷ്യാനെറ്റ് ന്യൂസ്), ചെറുകര സണ്ണി ലൂക്കോസ് (കേരളശബ്ദം), ജെ. എസ്. ഇന്ദുകുമാർ (ജയ്ഹിന്ദ് ടിവി), ടി. ആർ. മധുകുമാർ (ദേശാഭിമാനി വാരിക), ബിജു വർഗ്ഗീസ് (മംഗളം), എം.പി. സൂര്യദാസ് (മാതൃഭൂമി), വി. എ. സലിം (മാധ്യമം), പി. പി. സണ്ണി (ദീപിക), കക്കോടൻ മുഹമ്മദ്, ഡയറക്ടർ (പബ്ലിക് റിലേഷൻസ്), സെക്രട്ടറി (ഫിനാൻസ് ഡിപ്പാർട്ട്മെന്റ്), സെക്രട്ടറി (ജനറൽ അഡ്മിനിസ്ട്രേഷൻ)

**സെക്രട്ടറി**: എ. എ. ഹക്കീം, **അസി. സെക്രട്ടറി**: എൻ. പി. സന്തോഷ്

## New Books @ Academy Library




**Editing for the Digital Age**
Thorn Lieb CQ Press
200 Pages; Price: `3832.00




**Examining Identity in Sports Media**
Heather L. Hundley, Andrew C. Billings SAGE
279 Pages; Price: ` 4150.00

Whether working in a traditional newsroom or as a one-person blogging operation, every good writer needs to become his or her own best editor. Editing for the Digital Age provides editors and writers with the tools necessary to ensure that published material is accurate, readable, and complete. Author Thom Lieb provides guidance in copy editing fundamentals, including correcting grammar, conforming the writing to a style guide, and revising material so that it is tightly written and clear. The text is designed for today's digital publishing landscape and addresses the many issues writers and editors now face on a daily basis- handling legal issues such as liability, copyright, and libel; writing headlines that will attract readers; creating multimedia packages to support an article or post; and using various forms of social media to curate content and connect with audience members.

Including the work of top sports communication researchers, Examining Identity in Sports Media explores identity issues, including gender, ethnicity, nationality, sexual orientation, and (dis)ability, as well as the intersections within these various identity issues.

This co-edited, twelve-chapter book investigates how various identity groups are framed, treated, affected, and shaped by a ubiquitous sports media, including television, magazines, film, the Internet, and newspapers. While other books may devote a chapter or section to issues of identity in sports media, this book offers a complete examination of identity from cover to cover, allowing identity variables to be both isolated and intermingled to capture how identity is negotiated within sports media platforms. Far more than a series of case studies, this book surveys the current state of the field while providing insight on future directions for identity scholarship in sports communication.

## ലോകം കണ്ട വര

അന്തർദ്ദേശീയ മാധ്യമരംഗത്തെ പ്രശസ്തമായ കാർട്ടൂണുകളെ
പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിൽ.
മാതൃഭൂമി കാർട്ടൂണിസ്റ്റായ ഗോപീകൃഷ്ണനാണ്
ഇവ തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നത്.






### ജാ ഹെല്ലർ

1954 ഓഗസ്റ്റ് 17ന് വിസ്കോൺസിനിലെ ഓഷ്കോഷിലാണ് ജോ ഹെല്ലർ ജനിച്ചത്. 1985 മുതൽ 2013 വരെ പ്രശസ്തമായ ഗ്രീൻ ബേ പ്രസ് ഗസറ്റിന്റെ എഡിറ്റോറിൽ കാർട്ടൂണിസ്റ്റായിരുന്നു ഹെല്ലർ. പ്രസ് ഗസറ്റിന്റെ ഉടമസ്ഥനായ ഗന്നറ്റ് നടത്തിയ കൂട്ട പിരിച്ചുവിടലിനെത്തുടർന്നാണ് 2013ൽ ഹെല്ലറിനു ജോലി നഷ്ടപ്പെട്ടത്. പ്രസ് ഗസറ്റിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് വെസ്റ്റ് ബെൻഡ് ഡെയ്‌ലി ന്യൂസിലെ കാർട്ടൂണിസ്റ്റായും ഹെല്ലർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

*ഗോപീകൃഷ്ണന്റെ ഇ-മെയിൽ: cartoonistgopikrishnan@gmail.com*

Printed and Published by N. P. Santhosh, On behalf of the Secretary, Kerala Media Academy, Published from Kerala Media Academy, Kakkanad, Kochi – 682 030; Printed at Sterling Print House Pvt Ltd, Edappally; Editor: Sergy Antony



# ഫ്രെയിം ഫെയിം



നദിയ അബുഷബാൻ

ഫോട്ടോഗ്രാഫറുടെ കൈയിലെ ക്യാമറ കണ്ടു തോക്കാണെന്നു കരുതി കുഞ്ഞിക്കൈകൾ ഉയർത്തിപ്പിടിച്ചു കീഴടങ്ങുന്ന സിറിയൻ ബാലിക. ലോകമനസാക്ഷിയെ ഞെട്ടിച്ച ഈ ചിത്രം ക്യാമറയിൽ പകർത്തിയത് അൽ ജസീറയിലെ നദിയ അബുഷബാൻ എന്ന വനിതാഫോട്ടോജേർണലിസ്റ്റാണ്. ജനിച്ചുവീണപ്പോൾ മുതൽ തോക്കിൻമുനയിൽ ജീവനുവേണ്ടി യാചിക്കുന്ന ഒരു ജനതയാണ് സിറിയയിലേതെന്നു നദിയ ട്വിറ്ററിലൂടെ പങ്കുവെച്ച ഈ നാലുവയസ്സുകാരിയുടെ കരളലിയിക്കുന്ന ചിത്രം ലോകത്തെ ബോധ്യപ്പെടുത്തുന്നു.

*ശ്രദ്ധേയമായ വാർത്താചിത്രങ്ങളുടെ പുതിയ പംക്തി ആരംഭിക്കുന്നു*

Media Monthly | August 2015 | ` 20/- | RNI Reg No. KERBIL/2000/01676



“Tell me, why the media here so negative? Why are we in India so embarrassed to recognize our own strengths, our achievements? We are such a great nation. We have so many amazing success stories but we refuse to acknowledge them. Why?”